**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-8/1189/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*
തീയതി. 07.03.2020

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്** (സെക്രട്ടറി മുഖേന)
കുമളി ഗ്രാമപഞ്ചായത്ത്

സർ

**വിഷയം :- കുമളി ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്**

****************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കുമളി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-8/1189/2019 **തീയതി : 07.03.2020**

**ഇടുക്കി ജില്ലയിലെ കമളി ഗ്രാമപഞ്ചായത്തിന്റെ 2018-19**
**സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

***************************************

ഇടുക്കി ജില്ലയിലെ **കമളി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് റിപ്പോർട്ട് ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **16.07.2018** മുതൽ **15.12.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **8** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **2** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 16.12.2019മുതൽ 21.12.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. എം. റ്റി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ധനജയൻ റ്റി. എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അഭിലാഷ് എം. കെ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ പി. സാമുവേൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ആൻസി ജെയിംസ് | 01.04.2018 മുതൽ 24.05.2018 വരെ |
| | ശ്രീ. ബിജു ഡാനിയേൽ **(വൈസ് പ്രഡിഡന്റ് അധികചുമതല)** | 25.05.2018 മുതൽ 26.06.2018 വരെ |
| | ശ്രീമതി. ഷീബാ സുരേഷ് | 27.06.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. വി. ആർ. അജിത്കുമാർ | 01.04.2018 മുതൽ 02.05.2018 വരെയും<br>11.06.2018 മുതൽ 31.03.2019 വരെയും |
| | ശ്രീ. എസ്. എൻ. അജിത്<br>**(അസി. സെക്രട്ടറി-അധിക ചുമതല)** | 03.05.2018 മുതൽ 10.06.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| **ഹെഡ് മാസ്റ്റർ** | ശ്രീമതി. നസീമ എ. എം | 01.04.2018 മുതൽ 31.03.2019 വരെ |
| **അസി. സെക്രട്ടറി** | ശ്രീ. എസ്. എൻ. അജിത് | 01.04.2018 മുതൽ 12-11-2018വരെ |
| | ശ്രീ. അനിൽകുമാർ എസ്. എൽ. | 13.11.2018 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീ. ആനന്ദ് വിഷ്ണു പ്രകാശ് | 01.04.2018 മുതൽ 30.10.2018 വരെ |
| | ശ്രീമതി. ആഷ ശശി | 31.10.2018 മുതൽ 31.03.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | ശ്രീമതി. ബിന്ദു ജോസഫ് | 01.04.2018 മുതൽ 31.03.2020 വരെ |

| | | |
|---|---|---|
| **അസിസ്റ്റൻറ് എഞ്ചിനീയർ** | ശ്രീ. റഷീദ് പി. കെ. | 01.04.2018 മുതൽ 26-12-2018 വരെ |
| | ശ്രീ. ചന്ദു സി.<br>(എ.ഇ., വണ്ടിപ്പെരിയാർ-**അഡീ.ചാർജ്**) | 27.12.2018 മുതൽ 02-01-2019 വരെയും<br>05.01.2019 മുതൽ 31-01-2019 വരെയും |
| | ശ്രീമതി. അനീഷ എ. വൈ.<br>(എ.ഇ., അഴുത ബ്ലോക്ക്-**അഡീ.ചാർജ്**) | 03.01.2019 മുതൽ 04-01-2019 വരെ |
| | ശ്രീ. ജോസഫ് തോമസ്<br>(എ.ഇ, കട്ടപ്പന ബ്ലോക്ക് -**അഡീ. ചാർജ്**) | 01.02.2019 മുതൽ 11-02-2019 വരെ |
| | ശ്രീ. വർഗീസ് ജോസഫ് | 12.02.2019 മുതൽ 31-03-2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. എ. ഹരികൃഷ്ണപിള്ള | 01.04.2018 മുതൽ 29-06-2018 വരെ |
| | ഡോ. എസ്. കാളീശ്വരൻ | 30.06.2018 മുതൽ 31-03-2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | ശ്രീമതി. തേലാമ്മ മാത്യൂ | 01.04.2018 മുതൽ 31-03-2019 വരെ |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | ഡോ. വെങ്കിടലക്ഷ്മി എസ്. | 01.04.2018 മുതൽ 31-03-2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | ഡോ. കെ. കെ. ജീന | 01.04.2018 മുതൽ 31-03-2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | ശ്രീമതി. ഷിംജ ബഷീർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| **ക്രമ നം.** | **ഖണ്ഡിക നം.** | **വിഷയം** |
|---|---|---|
| | | **ഭാഗം 1 – (ഓഡിറ്റ് റിപ്പോർട്ട്)** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |

| | | |
|---|---|---|
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | സാംഖ്യ – സഞ്ചയ പോസ്റ്റിംഗ് - അപാകതകൾ |
| 13 | 1-13 | വസ്തു നികുതി - നികുതി നിർണ്ണയിച്ചിരിക്കുന്നതിലെ കുറവ് സംബന്ധിച്ച് |
| 14 | 1-14 | വാടക ഈടാക്കാത്തത് സംബന്ധിച്ച് |
| 15 | 1-15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് – അപാകതകൾ സംബന്ധിച്ച് |
| 16 | 1-16 | രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ |
| 17 | 1-17 | ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് |
| 18 | 1-18 | എസ്.എൽ.ബി.പി. - ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്നും തുക ₹77,285/- തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു |
| 19 | 1-19 | മാലിന്യ സംസ്കരണം – അവലോകനം |
| 20 | 1-20 | ആധുനിക അറവുശാല – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 21 | 1-21 | ഷോപ്പിംഗ് മാൾ നിർമ്മാണം – ദീർഘവീക്ഷണമില്ലാതെ പ്രൊജക്ട് ആവിഷ്കരിച്ചു |
| 22 | 1-22 | വനിതാ കാന്റീൻ പ്രവർത്തനം തുടങ്ങിയില്ല |
| 23 | 1-23 | പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല – കോടികൾ ചെലവഴിക്കാതെ നഷ്ടമാക്കി |
| 24 | 1-24 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| 25 | 1-25 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല |
| 26 | 1-26 | എച്ച്.എം.സി. – വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 27 | 1-27 | ചെലവ് വിവരങ്ങൾ ഹാജരാക്കിയില്ല – പഠനോപകരണ വിതരണം – വിതരണ വിവരങ്ങൾ ഹാജരാക്കിയില്ല |

| | | |
|---|---|---|
| | | |
| 28 | 1-28 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല |
| 29 | 1-29 | പൊതുടാപ്പുകൾ, തെരുവ് വിളക്ക് - രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 30 | 1-30 | പാലിന് സബ്സിഡി - ക്ഷീര സംഘത്തിൽ പാൽ അളന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| 31 | 1-31 | നോൺ അവെയ് ലബിലിറ്റി സാക്ഷ്യപത്രമില്ലാതെ ₹4,75,000/-യുടെ മരുന്നുകൾ വാങ്ങി |
| 32 | 1-32 | ശബരിമല മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് |
| 33 | 1-33 | വിവിധ വൈദ്യുതീകരണ പദ്ധതികൾ - അപാകതകൾ - അധിക തുക നൽകിയത് |
| 34 | 1-34 | മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് |
| 35 | 1-35 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച് |
| 36 | 1-36 | ലൈഫ് പദ്ധതി അവലോകനം |
| | | **ഭാഗം 2 - (വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **- ഇല്ല -** |
| | | **ഭാഗം 3 - (ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 37 | 3-1 | വിവിധ വൈദ്യുതീകരണ പദ്ധതികൾ അധിക തുക നൽകിയത് |
| | | **ഭാഗം 4 - (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 38 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 39 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 40 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 42 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 43 | 4-6 | സ്ഥിര നിക്ഷേപം |
| 44 | 4-7 | ഓഡിറ്റ് റിക്കവറി |
| 45 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 46 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 47 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 49 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |



## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

13-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹33,26,09,000/-യും ചെലവ് ₹30,76,23,000/-യുമായിരുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 27-04-2019 | -- | -- |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,95,41,911.70 |
| വരവ് | ₹24,31,00,696.00 |
| ആകെ | ₹28,26,42,607.70 |
| ചെലവ് | ₹21,80,70,318.00 |
| നീക്കിയിരിപ്പ് | ₹6,45,72,289.70 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (എ.സി.ആർ പ്രകാരം) | പൊതു വിഭാഗം | 0.00 | 67153467.00 | 67153467.00 | 53646737.00 | 13506730.00 |
| | എസ്.സി.പി. | 0.00 | 16949000.00 | 16949000.00 | 10680749.00 | 6268251.00 |
| | ടി.എസ്.പി. | 0.00 | 4180000.00 | 4180000.00 | 3445700.00 | 734300.00 |
| മെയിന്റനൻസ് (എ.സി.ആർ പ്രകാരം) | റോഡ് | 0.00 | 14450000.00 | 14450000.00 | 10654793.00 | 3795207.00 |
| | റോഡിതരം | 0.00 | 6249000.00 | 6249000.00 | 4044468.00 | 2204532.00 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (എ.സി.ആർ പ്രകാരം) | | 0.00 | 34936893.00 | 34936893.00 | 20802179.00 | 14134714.00 |
| തൊഴിലുറപ്പ് പദ്ധതി | ഭരണ ചെലവ് | 1000.00 | 518589.00 | 519589.00 | 518245.00 | 1344.00 |
| | തൊഴിലാളികളുടെ കൂലി | 0.00 | 30967245.00 | 30967245.00 | 30967245.00 | 0.00 |
| പഞ്ചായത്ത് ഫണ്ട് | ദുരിതാശ്വാസ നിധി | 11850.00 | 10132.00 | 21982.00 | 21562.00 | 420.00 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ഐ.സി.ഡി.എസ് | 845257.00 | 1157150.00 | 2002407.00 | 1913034.00 | 89373.00 |
| | ടോട്ടൽ സാനിട്ടേഷൻ ക്യാമ്പിയൻ | 0.00 | 200000.00 | 200000.00 | 0.00 | 200000.00 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | എക്സൈസ്- വിമുക്തി | 0.00 | 25000.00 | 25000.00 | 5700.00 | 19300.00 |
| | വനം-വകുപ്പ് കുടിവെള്ള പദ്ധതി | 0.00 | 45000.00 | 45000.00 | 45000.00 | 0.00 |
| | പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0.00 | 125000.00 | 125000.00 | 125000.00 | 0.00 |
| | സംസ്ഥാന ശുചിത്വ മിഷൻ വിഹിതം | 0.00 | 2500336.00 | 2500336.00 | 35691.00 | 2464645.00 |
| | ശബരിമല തീർത്ഥാടനം പ്രത്യേക ഗ്രാന്റ് | 0.00 | 500000.00 | 500000.00 | 500000.00 | 0.00 |
| വിവിധ ബോർഡ്/ മിഷൻ | കുടുംബശ്രീ മിഷൻ - ആശ്രയ | 0.00 | 783700.00 | 783700.00 | 783700.00 | 0.00 |
| | മലിനീകരണ നിയന്ത്രണ ബോർഡ് അവാർഡ് | 0.00 | 100000.00 | 100000.00 | 100000.00 | 0.00 |
| | യുവജന ക്ഷേമ ബോർഡ്- കേരളോത്സവം | 0.00 | 20000.00 | 20000.00 | 0.00 | 20000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഡി.റ്റി.പി.സി - യൂണിഫോം അലവൻസ് | | 0.00 | 56250.00 | 56250.00 | 56250.00 | 0.00 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | | 425142.00 | 4558460.00 | 4983602.00 | 3485645.00 | 1497957.00 |
| | ജില്ലാ പഞ്ചായത്ത് | | 0.00 | 7599707.00 | 7599707.00 | 7190485.00 | 409222.00 |
| ബി. ഫണ്ട് | | | 0.00 | 262040.00 | 262040.00 | 262040.00 | 0.00 |
| തനത് ഫണ്ട് | ബാങ്ക് | | 36694987.70 | 33559285.00 | 70254272.70 | 45469687.00 | 24784585.70 |
| | ട്രഷറി | ജനറൽ പർപ്പസ് ഗ്രാന്റ് | 1007006.00 | 14016905.00 | 47928987.00 | 12988267.00 | 34940720.00 |
| | | മറ്റ് വരവുകൾ | | 32905076.00 | | | |
| | പണം | | 556487.00 | 144723.00 | 701210.00 | 556487 | 144723.00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 401 | 335704807 | 222 | 159374212 | 136 | 43 | 55.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം ക്യാഷ് ബുക്ക് കൃത്യമായി എഴുതി വർഷാന്ത്യ ക്ലോസിംഗ് നടത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ തുക ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000 | 518589 | 519589 | 518245 | 1344 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30967245 | 30967245 | 30967245 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29040 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 1921900 | 149 |
| വിധവ പെൻഷൻ | 16078900 | 1409 |
| വാർദ്ധക്യകാല പെൻഷൻ | 32518900 | 2941 |
| വികലാംഗ പെൻഷൻ | 3807100 | 319 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 114800 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-12-2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹18,503/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് – അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം കാണുന്നു. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിക്കുകയോ ലോഗ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി യഥാവിധി എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. നികുതി പിരിവിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. വസ്തു നികുതിയിനത്തിൽ **₹2,40,16,811/-**യും തൊഴിൽ നികുതിയിനത്തിൽ **₹33,04,495/-**ഉം പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. വസ്തു നികുതിയിനത്തിലും തൊഴിൽ നികുതിയിനത്തിലും അവശേഷിക്കുന്ന ഭീമമായ തുക പിരിച്ചെടുക്കാൻ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണിച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ

പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

**രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം**

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. സ്യൂട്ട് രജിസ്റ്ററിൽ കേസ് സംബന്ധമായ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. വെറ്ററിനറി സർജൻ രസീത് ബുക്കിൽ തീയതി രേഖപ്പെടുത്തുന്നില്ല. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**ഓഫീസ് പ്രവർത്തനങ്ങൾ**

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തപ്പെടുന്നതിന് സ്ഥാപനത്തിന് എൈ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ**

20 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും ഊരുകൂട്ടങ്ങളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-11-2019 | 10/2019 | 06-12-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-09-2019 മുതൽ 23-09-2019 വരെ | 2014-15 മുതൽ 2018-19 വരെ | ലഭിച്ചിട്ടില്ല |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തു നികുതിക്ക് ക്രമ പ്രകാരമുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

2. എൻ.ആർ.ഇ.ജി.എ. ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനാൽ വരവ് ചെലവ് തുകകളുടെ കൃത്യത വ്യക്തമല്ല.

3. വസ്തു നികുതി ഡി.സി.ബി. സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

4. ആർ.പി.-10 ഓഡിറ്റ് റിക്കവറി ഇനത്തിൽ ഉൾപ്പെടാത്ത തുകകളും റിക്കവറിയായി കാണിച്ചിരിക്കുന്നു.

### 1-12 സാംഖ്യ-സഞ്ചയ പോസ്റ്റിംഗ് - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഔട്ട് ഡോർ കളക്ഷന് ഉപയോഗിച്ച രസീത് ബുക്കിലെ പിരിവ് തുകയും പ്രസ്തുത രസീത് പ്രകാരം സഞ്ചയയിൽ വരവ് വച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രസീത് പ്രകാരം പിരിച്ചെടുത്ത തുക/വ്യക്തിയുടെ പേര് എന്നിവയല്ല സഞ്ചയ-യിൽ പോസ്റ്റ് ചെയ്തിരിക്കുന്നത്. കൂടാതെ റദ്ദ് ചെയ്ത രസീതുകളിലെ തുകകളും സഞ്ചയ-യിൽ പോസ്റ്റ് ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ പരാമർശിക്കുന്നു.

<table>
<tr><th colspan="6">രസീത് ബുക്ക് നമ്പർ : 16068</th></tr>
<tr><th colspan="4">രസീത് പ്രകാരം</th><th colspan="2">സഞ്ചയ-യിലെ പോസ്റ്റിംഗ്</th></tr>
<tr><th>രസീത് നം.</th><th>പണം നൽകിയ വ്യക്തി/ കെട്ടിട നമ്പർ</th><th>തുക ₹</th><th>രസീതിലെ രേഖപ്പെടുൽ</th><th>തുക ₹</th><th>പണം നൽകിയ വ്യക്തി/ കെട്ടിട നമ്പർ</th></tr>
<tr><td>16068/5</td><td>പി.പി തോമസ് XII-995</td><td>2856</td><td>റദ്ദ് ചെയ്തു</td><td>1260</td><td>പി. പി. തോമസ് XII-995</td></tr>
<tr><td rowspan="2">16068/6</td><td rowspan="2">പി.പി തോമസ് XII-995</td><td rowspan="2">1260</td><td rowspan="2">-</td><td>1568</td><td>മേരി ഇമ്മാനുവൽ III-95</td></tr>
<tr><td>1448</td><td>ജയരാജ് III-81</td></tr>
<tr><td>16068/33</td><td>റിയാൻ എബ്രഹാം 920 മുതൽ 932 വരെ (923,931 ഒഴികെ)</td><td>77533 (ചെ. നം.105565 തീ: 28.09.2018)</td><td>-</td><td>82726</td><td>റിയാൻ എബ്രഹാം 920 മുതൽ 932 വരെ (923, 931 ഒഴികെ)</td></tr>
<tr><td rowspan="2">16068/85</td><td rowspan="2">പ്രസിഡന്റ് വൈ.എം.സി.എ XII-162B</td><td rowspan="2">2114</td><td rowspan="2">റദ്ദ് ചെയ്തു</td><td>652</td><td>രാമൻ പീതാംബരൻ III-674</td></tr>
<tr><td>976</td><td>ജോസഫ് പാലയ്ക്കൽ III-669</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | 728 | കെ. ജി. ഭാസ്കരൻനായർ III-625 |
| | | | | 404 | മാർട്ടിൻ ഐസക് III-672 |
| 16068/86 | പ്രസിഡന്റ് വൈ.എം.സി.എ XII-162B | 2114 | റദ്ദ് ചെയ്തു | 2232 | ചാണ്ടി ദേവസ്യ III-100 |
| 16068/88 | പ്രസിഡന്റ് വൈ.എം.സി.എ XII-162B | 13730 | റദ്ദ് ചെയ്തു | 17 | മരിയൻ മാലയ്ക്കൽ I-575 |
| | | | | 250 | ജെ. കുമാർ I-272 |
| | | | | 80 | പെരിസാമി I-283 |
| 16068/100 | റോസിലി തോമസ് XII-193 | 11052 | റദ്ദ് ചെയ്തു | 455 | എസ്. പാലയ XVII-100 |
| 16067/48 | സൂസമ്മ ഫിലിപ്പ് VII-247 | 232 | | പോസ്റ്റ് ചെയ്തിട്ടില്ല | |
| 16067/93 | സി.ജെ ജയിംസ് V-715(1) | 1126 | റദ്ദ് ചെയ്തു | 375 | രാജ് കുമാർ III-418 |
| 16067/94 | സൂസമ്മ ഫിലിപ്പ് VII-247 | 1126 | റദ്ദ് ചെയ്തു | 280 | ഇമ്മാനുവൽ ചാക്കോ III-527 |
| 16055/5 | റ്റി.വി. ജോൺ VIII-540 | 1676 | | പോസ്റ്റ് ചെയ്തിട്ടില്ല | |

റദ്ദ് ചെയ്ത രസീതുകൾ പ്രകാരമുള്ള തുകകൾ വസ്തുനികുതി ഇനത്തിൽ സഞ്ചയ-യിൽ വരവ് വെച്ചതിന് വിശദീകരണം

നൽകേണ്ടതാണ്. ഭരണ വകുപ്പ് അന്വേഷണം നടത്തി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി - നികുതി നിർണ്ണയിച്ചിരിക്കുന്നതിലെ കുറവ് സംബന്ധിച്ച്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തുന്ന വസ്തുതകൾ, സഞ്ചയ-യിലെ വസ്തു നികുതി നിർണ്ണയ കണക്കുകളുമായി താരതമ്യം ചെയ്തു പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നം. | പേര് | വാർഡ്/നം. | സഞ്ചയ പ്രകാര ഉപയോഗക്രമം | വിസ്തീർണ്ണം | നിർണ്ണയിച്ച നിരക്ക് (₹) | ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | നിർണ്ണയിക്കേണ്ട നിരക്ക് | നികുതി നിർണ്ണയിച്ചതിലെ കുറവ് |
|---|---|---|---|---|---|---|---|---|
| 55 | തോമസ് ഡൊമിനിക് | 12/735 | പാർപ്പിടം | 42 ച. മീ | 6 | റിസോർട്ട് | 90 | 3528 |
| 56 | തോമസ് ഡൊമിനിക് | 12/732 | കൈത്തറി കയർപിരി ഷെഡ് | 220 ച.മീ | 20 | റിസോർട്ട് | 90 | 15400 |
| 56 | തോമസ് ഡൊമിനിക് | 12/731 | കൈത്തറി കയർപിരി ഷെഡ് | 320 ച.മീ | 20 | റിസോർട്ട് | 90 | 22400 |
| 56 | തോമസ് ഡൊമിനിക് | 12/737 | കൈത്തറി കയർപിരി ഷെഡ് | 30 ച.മീ | 20 | റിസോർട്ട് | 90 | 2100 |
| 56 | തോമസ് ഡൊമിനിക് | 12/732 | കൈത്തറി കയർപിരി ഷെഡ് | 25 ച മീ | 20 | റിസോർട്ട് | 90 | 1750 |
| 56 | തോമസ് ഡൊമിനിക് | 12/739 | കൈത്തറി കയർപിരി ഷെഡ് | 196 ച.മീ | 20 | റിസോർട്ട് | 90 | 13720 |
| 56 | തോമസ് ഡൊമിനിക് | 12/750 | പാർപ്പിടം | 36 ച.മീ | 6 | റിസോർട്ട് | 90 | 3024 |
| 56 | തോമസ് ഡൊമിനിക് | 12/763 | പാർപ്പിടം | 50 ച.മീ | 6 | റിസോർട്ട് | 90 | 4200 |
| 56 | തോമസ് ഡൊമിനിക് | 12/790 | പാർപ്പിടം | 45 ച മീ | 6 | റിസോർട്ട് | 90 | 3780 |
| 56 | തോമസ് ഡൊമിനിക് | 12/796 | കൈത്തറി കയർപിരി ഷെഡ് | 50 ച.മീ | 20 | റിസോർട്ട് | 90 | 3500 |
| 56 | തോമസ് ഡൊമിനിക് | 12/797 | പാർപ്പിടം | 50 ച മീ | 6 | റിസോർട്ട് | 90 | 4200 |
| 136 | ടി വി സണ്ണി | 12/707 | പാർപ്പിടം | 121 ച.മീ | 6 | ആയുർവേദ സുഖചികിത്സാ കേന്ദ്രം | 160 | 18634 |
| 240 | ജിൻസ് ഡൊമിനിക് | 110/866 | ലോഡ്ജിംഗ് | 410 ച.മീ | 40 | റിസോർട്ട് | 90 | 20500 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സുമിത് ഹോട്ടൽ & റിസോർട്ട് | | | | | | | |
| 294 | ബാബു ഏലിയാസ്എലഫന്റ് റ്റൂട്ട് റിസോർട്ട് | 12/518 A1 | ലോഡ്ജിംഗ് | 285.56 ചമീ | 40 | റിസോർട്ട് | 90 | 14278 |
| 294 | ബാബു ഏലിയാസ്എലഫന്റ് റ്റൂട്ട് റിസോർട്ട് | 12/518 A2 | ലോഡ്ജിംഗ് | 285.56 ചമീ | 40 | റിസോർട്ട് | 90 | 14278 |
| 294 | ബാബു ഏലിയാസ്എലഫന്റ് റ്റൂട്ട് റിസോർട്ട് | 12/518 A3 | ലോഡ്ജിംഗ് | 285.56 ചമീ | 40 | റിസോർട്ട് | 90 | 14278 |
| 294 | ബാബു ഏലിയാസ്എലഫന്റ് റ്റൂട്ട് റിസോർട്ട് | 12/518 A5 | ലോഡ്ജിംഗ് | 285.56 ചമീ | 40 | റിസോർട്ട് | 90 | 14278 |
| 294 | ബാബു ഏലിയാസ്എലഫന്റ് റ്റൂട്ട് റിസോർട്ട് | 12/819 | പാർപ്പിടം | 60 ചമീ | 6 | റിസോർട്ട് | 90 | 5040 |
| 294 | ബാബു ഏലിയാസ്എലഫന്റ് റ്റൂട്ട് റിസോർട്ട് | 12/518 | ലോഡ്ജിംഗ് | 98 ചമീ | 40 | റിസോർട്ട് | 90 | 4900 |
| 294 | ബാബു ഏലിയാസ്എലഫന്റ് റ്റൂട്ട് റിസോർട്ട് | 12/822 | ലോഡ്ജിംഗ് | 30ചമീ | 6 | റിസോർട്ട് | 90 | 2520 |
| 330 | സവീഷ് ജോസ് | 17/79 | ഓഫീസ് | 383 ചമീ | 50 | റിസോർട്ട് | 90 | 15320 |
| 330 | ജോസ് സ്കറിയ | 17/79 | പാർപ്പിടം | 88 ചമീ | 6 | റിസോർട്ട് | 90 | 7392 |
| 214 | റോസ് ലി തോമസ് | 12/191 | 100 ചമീ വരെയുള്ള വ്യവസായ കെട്ടിടങ്ങൾ | 700 ചമീ | 60 | റിസോർട്ട് | 90 | 21000 |
| 214 | റോസ് ലി തോമസ് | 12/192 | 100 ചമീ മുകളിലുള്ള വ്യവസായ കെട്ടിടങ്ങൾ | 700 ചമീ | 70 | റിസോർട്ട് | 90 | 14000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 214 | റോസ് ലി തോമസ് | 12/191-1 | 100 ചമീ വരെയുള്ള വ്യവസായ കെട്ടിടങ്ങൾ | 14.5 ചമീ | 60 | റിസോർട്ട് | 90 | 435 |
| 214 | റോസ് ലി തോമസ് | 12/193 | 100 ചമീ മുകളിലുള്ള വ്യവസായ കെട്ടിടങ്ങൾ | 700 ചമീ | 70 | റിസോർട്ട് | 90 | 14000 |

ഏതാനും കെട്ടിടങ്ങളുടെ മാത്രം നികുതി നിരക്കിലുള്ള വ്യത്യാസത്തിലുള്ള തുകയാണിത്. ഡി. & ഒ. ലൈസൻസ് രജിസ്റ്ററിൽ ആകെ 952 കെട്ടിടങ്ങളുടെ വിവരങ്ങളുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.2) മറുപടി നൽകിയില്ല. അതിനാൽ സഞ്ചയ-യിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്ന വിവിധ ഉപയോഗക്രമത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ കൃത്യമായാണോ നിർണ്ണയിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുകയും നിർണ്ണയിച്ചിരിക്കുന്ന നിരക്കുകളിൽ വ്യത്യാസമുണ്ടെങ്കിൽ കൃത്യമാക്കി നികുതി നഷ്ടം വരാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുന്ന സമയത്ത് നികുതി നിർണ്ണയിച്ച് നൽകിയിരിക്കുന്ന ആവശ്യത്തിന് തന്നെയാണോ കെട്ടിടം ഉപയോഗിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്. ഭരണ വകുപ്പ് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക ഈടാക്കാത്തത് സംബന്ധിച്ച്

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ അടിസ്ഥാനമാക്കി വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന വാടകക്കാരിൽ നിന്നും ഓഡിറ്റ് വർഷം വാടക ഈടാക്കിയിട്ടില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ / ലേലക്കാരന്റെ പേര് | വാടകയ്ക്ക് നൽകിയ കെട്ടിടം | പ്രതിമാസ വാടക/ ലേലത്തുക ₹ | കുടിശ്ശിക കാലയളവ് | ആകെ കുടിശ്ശിക ₹ |
|---|---|---|---|---|---|
| 1 | ടൂറിസം പോലീസ് സ്റ്റേഷൻ | ജവഹർ ഹാൾ ബിൽഡിംഗ് | വാടക ഇല്ല | | |
| 2 | കെ. ജെ. ജോർജ് പുത്തൻപുര | വിശ്വനാഥപുരം 3/4 | 3006 | 4/18 മുതൽ 3/19 (12 മാസം) | 36072 |
| 3 | കെ. ജെ. ജോർജ് പുത്തൻപുര | വിശ്വനാഥപുരം 4/4 | 3006 | 4/18 മുതൽ 3/19 (12 മാസം) | 36072 |
| 4 | പോസ്റ്റ് ഓഫീസ് | അട്ടപ്പള്ളം ഷോപ്പിംഗ് | വാടക ഇല്ല | | |

| | | | |
|---|---|---|---|
| | | കോംപ്ലക്സ് | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1, 4 എന്നിവയിലെ വാടകക്കാർക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുറികൾ സൌജന്യമായിട്ടാണ് നൽകിയിരിക്കുന്നതെന്നും ക്രമ നം. 1 പ്രകാരമുള്ള വാടകക്കാരന് സ്ഥലം മാത്രമാണ് വിട്ട് നൽകിയിരിക്കുന്നതെന്നും കെട്ടിടം നിർമ്മിച്ചത് വാടകക്കാരനാണ് എന്നും എക്സിറ്റ് മീറ്റിംഗ് വേളയിൽ പ്രസിഡന്റ് വ്യക്തമാക്കി. ഇത് അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് വക ആസ്തികൾ സൌജന്യമായി വാടകയ്ക്ക് നൽകാനാവില്ല. ആയതിനാൽ ക്രമ നം. 1, 4 എന്നീ മുറികൾ/സ്ഥലത്തിന്റെ വാടക നിർണ്ണയിച്ച് ഈടാക്കേണ്ടതും കരാർ ചമയ്ക്കേണ്ടതുമാണ്. മറ്റ് കുടിശ്ശികക്കാരിൽ നിന്നും വാടക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് - അപാകതകൾ സംബന്ധിച്ച്

ജി.ഒ.(പി)80/2017/ത.സ്വഭ.വ/തീയതി. 31.10.2017ലെ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഡി. & ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 952 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസിന് അപേക്ഷിക്കുകയും ലൈസൻസ് നേടുകയും ചെയ്തിരിക്കുന്നത്. മാത്രമല്ല ലൈസൻസ് അപേക്ഷകൾ ഒന്നും തന്നെ സമയപരിധിക്കുള്ളിൽ (ഫെബ്രുവരി 28/2018-നുള്ളിൽ സമർപ്പിച്ചിട്ടില്ല) ലൈസൻസ് അപേക്ഷകളിൽ ലൈസൻസ് പുതുക്കുവാനാണോ, പുതിയ ലൈസൻസിനുള്ള അപേക്ഷയാണോ എന്നുള്ള കോളം പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിൽ ആവശ്യമായ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രം ലൈസൻസ് നല്കുവാൻ ശ്രദ്ധിക്കുക പുതുക്കിയ സ്ലാബ് പ്രകാരമുള്ള നിരക്കുകൾ ഈടാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വസ്തു നികുതി പരിശോധനാ വേളയിൽ വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹോട്ടൽ ലേക്ക് ഷോർ ഇൻ
2. ചിമ്മിനി റെസ്റ്റോറന്റ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

### 1-16 രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്നും ഔട്ട്ഡോർ കളക്ഷന് വേണ്ടി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർക്ക് നൽകിയ രസീത് ബുക്കുകൾ പരിശോധിച്ചതിൽ വിവിധ അപാകതകൾ കാണുന്നു.

1. റദ്ദാക്കിയ രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. വെറ്ററിനറി സർജൻ കൈപ്പറ്റിയ രസീത് ബുക്കുകളിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.
3. ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. രാജേഷ് കെ. ഉപയോഗിക്കുന്ന രസീത് ബുക്കുകളിലെ രസീതുകൾ വ്യാപകമായി

ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ശ്രീ. രാജേഷ് കെ., ക്ലാർക്ക് (ഗ്രാമപഞ്ചായത്ത്) കൈപ്പറ്റിയ രസീത് ബുക്കുകളിലെ ക്യാൻസൽ ചെയ്ത രസീതുകൾ പ്രകാരമുള്ള തുകകൾ വസ്തു നികുതി സോഫ്റ്റ് വെയറായ സഞ്ചയയിൽ കളക്ഷൻ വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ **ഖണ്ഡിക 1-12**ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5. 16055 നമ്പരായുള്ള രസീത് ബുക്കിലെ 67-ാം നമ്പർ രസീത് പ്രകാരം 09.05.2018ൽ റോസിലി തോമസ്-ൽ നിന്നും XII-192 നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതിയായി ₹34,729/- സ്വീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. കാരണങ്ങൾ രേഖപ്പെടുത്താതെ റദ്ദ് ചെയ്ത ഈ രസീത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതേ രസീത് ബുക്കിലെ 85-ാം നമ്പർ രസീത് പ്രകാരം ഇതേ തുക തന്നെ പിരിച്ചെടുത്തായി കാണുന്നു. 85-ാം നമ്പർ രസീതിലെ തീയതി വ്യക്തമാകാത്ത വിധം വെട്ടിത്തിരുത്തിയിരിക്കുന്നു. കൂടാതെ 86 മുതൽ 91 വരെയുള്ള രസീതുകളിലെ തീയതികൾ വെട്ടിതിരുത്തിയിരിക്കുന്നു.

| രസീത് നമ്പർ | തുക ₹ |
|---|---|
| 86 | 23077 |
| 87 | 31494 |
| 88 | 428 |
| 89 | 231 |
| 90 | 671 |
| 91 | 30068 |

16067, 16071 എന്നീ രസീത് ബുക്കുകളിലെ തീയതികൾ വ്യാപകമായി തിരുത്തിയിരിക്കുന്നതായി കാണുന്നു.

രസീതുകളിൽ വ്യാപകമായ വെട്ടിത്തിരുത്തലുകൾ വരുത്തുന്നതിന്റെ വിശദീകരണം നൽകേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർക്ക് നൽകുന്ന രസീത് ബുക്കുകളുടെ ഉപയോഗം സെക്രട്ടറി, ക്യാഷ്യർ എന്നിവർ വ്യക്തമായി പരിശോധിക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഭരണ വകുപ്പ് തുടർ അന്വേഷണം നടത്തി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച്

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2009 ൽ KMBR പ്രകാരം പെർമിറ്റ് എടുത്തിരുന്ന ഒരു ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം 2019 ൽ പെർമ്മിറ്റ് കാലാവധി തീർന്നതിന് ശേഷവും തുടരുന്നുണ്ട്. ശ്രീ. നവനീത് കൃഷ്ണൻ എന്ന വ്യക്തിയുടെ പേരിലുള്ള ഈ കെട്ടിടത്തിന്റ അനധികൃത നിർമ്മാണം സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 15.05.2010ൽ ബി.എച്ച്-50/10-11 ആയി ലഭിച്ച കെട്ടിടത്തിന്റെ നിർമ്മാണ അനുമതി 14.05.2019ൽ

അവസാനിച്ചിട്ടുള്ളതാണ്.

- പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള പരമാവധി കാലാവധി അവസാനിച്ചതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം 10(എ) പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി നൽകിയിരിക്കുന്നു.
- ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ 6 നിലകൾ (3761.9 ചതുരശ്ര മീറ്റർ) നിർമ്മിക്കുന്നതിനാണ് പെർമിറ്റ് എടുത്തിരുന്നത്. കെട്ടിടം നേരിൽ പരിശോധിച്ചതിൽ 9 നിലകളിലായി (ഏകദേശം 4500 ച. മീറ്റർ) നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മൂന്ന് നിലകൾ അനധികൃതമായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. പെർമിറ്റ് എടുത്ത വേളയിൽ 971 ചതുരശ്ര മീറ്റർ സ്ഥലം മാത്രമാണുണ്ടായിരുന്നത്.
- മതിയായ സെറ്റ് ബാക്ക് പാലിച്ചിട്ടില്ലായെന്നുള്ള സമീപ വാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ പരിശോധന നടത്തി റിപ്പോർട്ട് നൽകിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് നം.എ3-9366/18/തീയതി. 26.09.2018ൽ സ്റ്റോപ്പ് മെമ്മോ നൽകി.

ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് വാങ്ങിയാണ് കെട്ടിട നിർമ്മാണം നടത്തിയതെങ്കിലും 2009ൽ ബാധകമായിരുന്ന 1999 ലെ KMBR ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. നേരിട്ടുള്ള പരിശോധനയിൽ താഴെ പരാമർശിക്കുന്ന ചട്ട ലംഘനങ്ങളുണ്ടായിട്ടുണ്ട്.

- ചട്ടം 24(8), പ്രകാരമുള്ള സെറ്റ് ബാക്ക് പാലിച്ചിട്ടില്ല.
- ചട്ടം 117 പ്രകാരം അഗ്നിശമന വാഹനം സഞ്ചരിക്കുവാനുള്ള മാർഗ്ഗം ഇല്ല.
- ചട്ടം 25 പ്രകാരം റോഡുമായുണ്ടായിരിക്കേണ്ട അകലം പാലിച്ചിട്ടില്ല.
- പെർമിറ്റിൽ നിന്നും വ്യതിചലിച്ച് 3 അധിക നിലകൾ കൂടി നിർമ്മിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന് സമീപത്ത് തന്നെ ചട്ടവിരുദ്ധമായി കെട്ടിട നിർമ്മാണം നടന്നിട്ടും സമീപവാസികൾ പരാതി നൽകിയപ്പോൾ മാത്രമാണ് കെട്ടിട നിർമ്മാണം പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറായിട്ടുള്ളത്. പെർമിറ്റ് പുതുക്കി നൽകുന്നതിനുള്ള പരമാവധി കാലയളവ് കഴിഞ്ഞതിനാൽ പെർമിറ്റ് സംബന്ധിച്ച വിഷയം ചട്ടങ്ങളിലെ അധ്യായം 10(എ) പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി നൽകിയിരിക്കുകയാണ്. പെർമിറ്റ് പുതുക്കി നൽകുന്ന വേളയിൽ ചട്ട ലംഘനങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-18 എസ്.എൽ.ബി.പി. - ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്നും ₹77,285/- തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം. | 48/2019 |
| പദ്ധതി | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | പൊതു വിഭാഗം ₹5,00,000/- |
| | തനത് ഫണ്ട് ₹5,00,000/- |

| | | |
|---|---|---|
| | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ) ₹10,00,000/- | |
| ബിൽ നം. | 1/2018-19/30-11-2018 ₹5,00,000/- | അക്കൗണ്ട് നം. 799012700000084 ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഇടുക്കി |
| സാങ്ക്ഷൻ നം. | 150/2018-19/26-10-2018 ₹1,87,500/- | |
| | 414/2018-19/08-03-2019 ₹3,12,500/- | |

നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള പശുക്കിടാങ്ങൾ ഉള്ളവർക്ക് (പശുക്കിടാവിന് 32 മാസം ആകുന്നത് വരെയോ സബ്സിഡി തീരുന്നതുവരെയോ)50% സബ്സിഡി നിരക്കിൽ കാലിതീറ്റ നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. ഒരു കന്നുകുട്ടിക്ക് സംസ്ഥാന വിഹിതം ₹6,250/-ഉം തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം ₹6,250/-ഉം ഗുണഭോക്തൃ വിഹിതം ₹12,500/-ഉം ആകെ ₹25,000/- എന്നാണ് നിരക്ക് നിശ്ചയിച്ചിരുന്നത്. സംസ്ഥാന വിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ ഭരണ സ്ഥാപനം നൽകണമെന്നമാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ സ.ഉ (കൈ)/22/2018 ഖണ്ഡിക 6.2 (6) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ 80 ഗുണഭോക്താക്കൾക്ക് ₹25,000/- യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചാണ് അടങ്കൽ തീരുമാനിച്ചത്. പദ്ധതിയുടെ രൂപീകരണ സമയത്ത് സംസ്ഥാന വിഹിതത്തിന്റെ ലഭ്യത പരിശോധിക്കാതെ മുഴവൻ തുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഏറ്റെടുത്തുകൊണ്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ഈ പദ്ധതിക്കായി ₹5,00,000/-ന്റെ അധിക തുക തനത് ഫണ്ടിൽ നിന്നും വകയിരുത്തേണ്ടി വന്നു.

കിടാരി പ്രസവിക്കുകയോ ചത്തുപോകുകയോ ഗുണഭോക്താവ് മൂന്ന് മാസം തുടർച്ചയായി കാലിതീറ്റ വാങ്ങുന്നത് മുടങ്ങുകയോ ചെയ്താൽ ധനസഹായം തുടർന്ന് നൽകേണ്ടതില്ല എന്നാണ് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ, മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് തുടർന്നും ധനസഹായം നൽകിയിരിക്കുന്നു. അർഹതയില്ലാത്ത കാലയളവിൽ ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായ തുക ₹77,285/- ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവ് | നാളിതുവരെ നൽകിയ ധനസഹായം | തുടർന്ന് നൽകേണ്ടതില്ലാത്തതിന് കാരണം | തിരികെ ഈടാക്കേണ്ട തുക ₹ (12500- C) |
|---|---|---|---|---|
| A | B | C | D | E |
| 1 | മോഹനൻ സ്പ്രിംഗ് വാലി | 5397 | കിടാരിയെ വിറ്റു 9/2019 മുതൽ മുടങ്ങി | 7103 |
| 2 | എൽസമ്മ വെള്ളാരംകുന്ന് | 6072 | കിടാരിയെ വിറ്റു 9/2019 മുതൽ മുടങ്ങി | 6428 |
| 3 | വനജ ചെളിമട | 4767 | കിടാരിയെ വിറ്റു 9/2019 മുതൽ മുടങ്ങി | 7733 |

| | | | | |
|---|---|---|---|---|
| 4 | കെ. പി. സതീഷ്<br>ചെങ്കര | 4767 | കിടാരിയെ വിറ്റു<br>9/2019 മുതൽ മുടങ്ങി | 7733 |
| 5 | എൻ. ജി. രാജ്<br>ചെങ്കര | 4767 | കിടാരിയെ വിറ്റു<br>9/2019 മുതൽ മുടങ്ങി | 7733 |
| 6 | അജി<br>ചെങ്കര | 2877 | 6/2019 മുതൽ മുടങ്ങി | 9623 |
| 7 | ശിവരാന<br>മുരുക്കടി | 4767 | കിടാരിയെ വിറ്റു<br>9/2019 മുതൽ മുടങ്ങി | 7733 |
| 8 | മോളി<br>മുരക്കടി | 5397 | 6/2019 മുതൽ മുടങ്ങി | 7103 |
| 9 | ഗോപിനാഥൻ<br>മുരിക്കടി | 5397 | കിടാരിയെ വിറ്റു<br>9/2019 മുതൽ മുടങ്ങി | 7103 |
| 10 | മിനി അച്ചൻകുഞ്ഞ് | 3507 | കിടാരിയെ വിറ്റു<br>8/2019 മുതൽ മുടങ്ങി | 8993 |
| **ആകെ** | | | | **77285** |

ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ₹77,285/- തിരികെ ഈടാക്കി പകുതി തുക സർക്കാരിലേക്കും പകുതി തുക തനത് ഫണ്ടിലും അടവാക്കേണ്ടതാണ്. സംയുക്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ മറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട അനിവാര്യമായ തുക കൃത്യമായി ലഭ്യമാക്കി പദ്ധതികൾ രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-19 മാലിന്യ സംസ്കരണം - അവലോകനം

കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി തൻ വർഷം നടപ്പാക്കിയ പദ്ധതികളും ചെലവ് വിവരവും താഴെ ചേർക്കുന്നു.

| **ക്രമ നം.** | **പദ്ധതി നം. & പദ്ധതി** | **ചെലവ് തുക ₹** | **നടത്തിയ പ്രവർത്തനം** |
|---|---|---|---|
| 1 | 354<br>ഖരമാലിന്യ സംസ്കരണ അനുബന്ധ സാമഗ്രികൾ വാങ്ങൽ | 252049 | ക്ലീനിംഗ് സാധനങ്ങൾ വാങ്ങൽ |

| | | | |
|---|---|---|---|
| 2 | 400<br>മുരിക്കടി മാലിന്യ സംസ്കരണ പ്ലാന്റ് – മാലിന്യ പരിപാലനം | 539875 | ജെ.സി.ബി. ഉപയോഗിച്ച് മാലിന്യം നീക്കം ചെയ്തത് |
| 3 | 462<br>ഹരിത സഹായ സ്ഥാപനത്തിന് ഓണറേറിയം | 35691 | കോഴിക്കോട് 'നിറവ്' -zero Waste Management ന് കൺസൾട്ടൻസി ഫീസ് നൽകിയത് |
| | ശുചീകരണ പ്രവർത്തനത്തിനുള്ള ദൈനം ദിന ചെലവുകൾ (തനത് ഫണ്ട്) ഡി.റ്റി.പി.സി.-യിൽ നിന്നും ലഭിച്ച ₹17,32,500/- ഉൾപ്പെടെ | 5714780 | തൊഴിലാളികളുടെ വേതനം |
| | **ആകെ** | **6542395** | |

ഡി.റ്റി.പി.സി.-യുടെ 15 തൊഴിലാളികൾ ഉൾപ്പെടെ 40 ശുചീകരണ തൊഴിലാളികളും ഒരു ക്ലറിക്കൽ സ്റ്റാഫും ഒരു സൂപ്പർവൈസറും 'ക്ലീൻ കുമളി – ഗ്രീൻ കുമളി' എന്ന ശുചീകരണ പദ്ധതിയിൽ പങ്കെടുക്കുന്നു. ശുചീകരണ പ്രവർത്തനങ്ങൾക്കായി രണ്ട് ടിപ്പറും ഒരു ബൊലേറോ ക്യാമ്പറും മാലിന്യ ശേഖരണത്തിനായി പ്രതിദിനം പ്രവർത്തിക്കുന്നു. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ 'ക്ലീൻ കുമളി – ഗ്രീൻ കുമളി' എന്ന സൊസൈറ്റി വഴിയാണ്. ഇതുപ്രകാരം വിവിധ സ്ഥാപനങ്ങളുടെ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് വിവിധ നിരക്കിലുള്ള ഫീസുകൾ ഈ സൊസൈറ്റി ഈടാക്കുന്നുണ്ട്. മാലിന്യങ്ങൾ എടുക്കുന്നതിന് ഒരോ സ്ഥാപനത്തിൽ നിന്നും ₹500/- മുതൽ വ്യത്യസ്ത നിരക്കിലുള്ള തുക പ്രതിമാസം ഈടാക്കുന്നുണ്ട്. ക്ലറിക്കൽ സ്റ്റാഫ്, സൂപ്പർവൈസർ എന്നിവർക്കുള്ള വേതനം മാത്രമാണ് ഈ ഫണ്ടിൽ നിന്നുള്ള പ്രധാന ചെലവ്. ഇതിനായി താഴെ പരാമർശിക്കും പ്രകാരം രണ്ട് അക്കൗണ്ടുകൾ പരിപാലിക്കുന്നു.

| **ക്രമ നം.** | **ബാങ്ക്** | **അക്കൗണ്ട് നമ്പർ** | **31.03.2019ലെ നീക്കിയിരിപ്പ്** |
|---|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക് , ചെങ്കര | 3951 | 639198 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കുമളി | 13683 | 188577 |

ഗ്രാമപഞ്ചായത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യം, പ്ലാസ്റ്റിക്ക് എന്നിവയാണ് മുഖ്യമായും സംസ്കരിക്കുന്നത്. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് വളമാക്കി മാറ്റുകയും പ്ലാസ്റ്റിക്കുകൾ റോഡ് ടാർ ചെയ്യുന്നതിനുള്ള ഷ്രഡഡ് പ്ലാസ്റ്റിക്ക് ആക്കി മാറ്റുകയും ചെയ്യുന്നു. ജൈവവളം ₹12/- നിരക്കിലാണ് സൊസൈറ്റി വിൽക്കുന്നത്. പൊതു മാർക്കറ്റിൽ ₹8/-ന് വളം ലഭ്യമായിരിക്കെ പൊതുജനങ്ങൾ ഈ വളം വാങ്ങുന്നതിന് താല്പര്യപ്പെടുന്നില്ലാത്തതിനാൽ വളരെയധികം വളങ്ങൾ കെട്ടിക്കിടക്കുന്ന ഒരു അവസ്ഥയിലാണ്. സൊസൈറ്റിയിൽ നിന്ന് ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ നിശ്ചിത നിരക്കിൽ ക്ലീൻ കേരള കമ്പനി വാങ്ങിക്കേണ്ടതാണെങ്കിലും ആയത് യഥാവിധി നടക്കുന്നില്ല. ഗ്രാമപഞ്ചായത്തുകൾ ടാർ റോഡിനേക്കാൾ

കോൺക്രീറ്റ് റോഡുകൾക്ക് പ്രാധാന്യം നൽകി നിർമ്മിക്കുന്നതുമൂലം ഷ്രഡഡ് പ്ലാസ്റ്റിക്കുകൾ കാര്യമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല. തൻമൂലം ഏകദേശം പത്ത് ടൺ ഷ്രഡഡ് പ്ലാസ്റ്റിക്ക് നീക്കം ചെയ്യാനാവാതെ പ്ലാന്റിൽ കെട്ടികിടക്കുകയാണ്.

2019 മാർച്ച് മുതൽ ഗ്രാമപഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഹരിത കർമ്മ സേനയും പങ്കാളികളായിരിക്കുന്നു. ഒപ്പം തന്നെ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി സർക്കാർ അംഗീകാര പ്രകാരം കോഴിക്കോട് ആസ്ഥാനമായുള്ള 'നിറവ് –zero Waste Management ഉം പ്രവർത്തിക്കുന്നു.

കേരളത്തിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രവും ശബരിമല ഇടത്താവളവുമായ കുമളിയിൽ പ്രതിദിനം അയ്യായിരത്തോളം ആളുകൾ വന്ന് പോകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെയും സൊസൈറ്റിയുടെയും പരിശ്രമ ഫലമായി കുമളി ടൗണിൽ മാലിന്യം കെട്ടികിടക്കാതെ യഥാസമയം നീക്കം ചെയ്യുന്നതിൽ വിജയിച്ചിരിക്കുന്നു. മറ്റ് പഞ്ചായത്തുകൾക്ക് ഇത് മാതൃകയാകുന്നു.

### 1-20 ആധുനിക അറവുശാല – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

കുമളി ഗ്രാമപഞ്ചായത്തിലെ ആധുനിക അറവ് ശാല നിർമ്മാണത്തിനു വേണ്ടി 2012-13-ൽ പദ്ധതി ആവിഷ്കരിക്കുകയും ബഹുവർഷ പ്രൊജക്ടിനുവേണ്ടി ഗണ്യമായ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക ₹ | ചെക്ക് നം. & തീയതി |
|---|---|---|
| 2012-13 | 3800000 | 046164/19-03-2013 |
| 2013-14 | 1200000 | 195331/21-12-2013 |
| | 2200000 | 40632/24-03-2013 |
| 2014-15 | 3000000 | 26212330/01-01-2015 |
| 2015-16 | 2000000 | 212647/10-04-2015 |
| | 1200000 | 212612/07-04-2015 |
| 2016-17 | 3700000 | 860220/13-04-2016 |
| ആകെ | 17100000 | |

2012-13-ൽ ആവിഷ്കരിച്ച പദ്ധതി നാളിതുവരെയായും പൂർണ്ണമായിട്ടില്ല. പ്രസ്തുത പദ്ധതിക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി തുടർ വർഷങ്ങളിൽ നിർമ്മിതി കേന്ദ്രത്തിന് ചുവടെ ചേർത്തിരിക്കുന്ന തുക നൽകിയിട്ടുണ്ട്.

| വർഷം | തുക ₹ | ചെക്ക് നം. & തീയതി |
|---|---|---|
| 2017-18 | 9000000 | ബിൽ നം. 33/17-18/തീയതി. 25-10-2017 |
| 2018-19 | 1072928 | അക്കൗണ്ടിലേക്ക് 09-07-2018-ൽ ട്രാൻസ്ഫർ ചെയ്തു |

2018-19 വർഷം ട്രീറ്റ്മെന്റ് പ്ലാൻറ് സ്ഥാപിക്കുന്നതിനുവേണ്ടി ₹15,00,000/- അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും പ്ലാൻ തയ്യാറാക്കുന്നതിനുള്ള ₹20,320/- മാത്രമെ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ഫലത്തിൽ ₹1,90,93,248/- ചെലവഴിച്ച് നിർമ്മാണം നടത്തിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നിഷ്ക്രിയാസ്തിയായി പരിണമിച്ചിരിക്കുകയാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) പുതുക്കിയ മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(എം.എസ്.)4/2016/തസ്വഭവ./11.01.2016) പ്രകാരം ബഹുവർഷ പ്രൊജക്ട് അത് തയ്യാറാക്കുന്ന ഭരണ സമിതിയുടെ കാലാവധിക്കുള്ളിലും ഏത് പഞ്ചവത്സര പദ്ധതിയിൽ നിന്നാണോ തയ്യാറാക്കുന്നത് ആ പഞ്ചവത്സര പദ്ധതിയുടെ കാലാവധിക്കുള്ളിലും അവസാനിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച ഉപകരണങ്ങൾ പ്രവർത്തിക്കാതെ ജീർണ്ണാവസ്ഥയിലായിരിക്കാനും സാധ്യത ഏറെയാണ്. ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്ന വളപ്പിൽ തന്നെയാണ് അറവുശാലയും നിർമ്മിച്ചിട്ടുള്ളത്. രണ്ട് സ്ഥാപനങ്ങളിലേയ്ക്കുമുള്ള പ്രവേശനകവാടവും ഒന്നുതന്നെയാണ്. മാലിന്യ സംസ്കരണം നടക്കുന്ന പരിസരത്ത് പരിസര മലിനീകരണം ഉണ്ടാകാൻ സാധ്യത ഉണ്ടായിരിക്കെ, ഭക്ഷണാവശ്യത്തിനുള്ള മാംസം അവിടെ സംസ്കരിച്ചെടുക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു. മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നുള്ള പാർശ്വഫലങ്ങൾ ബാധിക്കാത്ത തരത്തിൽ അറവുശാലയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കേണ്ടതും പ്രവർത്തന സജ്ജമാക്കി ലക്ഷ്യം കൈവരിക്കേണ്ടതുമാണ്. ഭരണ സമിതി ഇക്കാര്യത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 ഷോപ്പിംഗ് മാൾ നിർമ്മാണം - ദീർഘവീക്ഷണമില്ലാതെ പ്രോജക്ട് ആവിഷ്കരിച്ചു

ഗ്രാമപഞ്ചായത്തിന്റെ ചെളിമടയിലുള്ള സ്ഥലത്ത് ഷോപ്പിംഗ് മാൾ നിർമ്മിക്കുന്നതിനായി പ്രോജക്ട് നം.276 ആയി 2017-18 വർഷം ₹4,52,50,000/- അടങ്കൽ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചു. നം.ET1/18-19/AE/LSGD/KLY/തീയതി. 02-05-2018 ദർഘാസ് പരസ്യ പ്രകാരം ലഭിച്ച ടെണ്ടറുകളിൽ നിന്നും കുറഞ്ഞ തുക (₹2,81,20,812.41) ക്വോട്ടുചെയ്ത ശ്രീ. ഡി. മോഹനനുമായി കരാറിൽ ഏർപ്പെടുകയും (131/AE/LSGD/KLY/ 2018-19/06-12-2018) 01-02-2019-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തു. പദ്ധതി ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നും വായ്പയെടുത്താണ് ഷോപ്പിംഗ് മാൾ നിർമ്മിക്കുന്നത്. ഷോപ്പിംഗ് മാൾ നിർമ്മാണത്തിനായി KURDFC-യിൽ നിന്നും KURDFC/GP/506/2017/15.09.2018 പ്രകാരം ₹4,52,50,000/- വായ്പ അനുവദിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം പദ്ധതിക്ക് വേണ്ടി ചെലവ് നടത്തിയിട്ടില്ല. തനത് സാമ്പത്തിക സ്രോതസ്സുകൾ ഗണ്യമായുള്ള ഗ്രാമപഞ്ചായത്തിൽ 31-03-2019-ൽ ₹6,33,02,451.70 തനത് ഫണ്ടിൽ നീക്കിബാക്കിയുണ്ട്. സാമ്പത്തിക സുസ്ഥിതിയിലുള്ള പഞ്ചായത്തിന് തനത്ഫണ്ടും സർക്കാർ ഫണ്ടും സംയോജിപ്പിച്ച് ബഹുവർഷ പ്രോജക്ടായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാവുന്നതായിരുന്നു. കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നും വായ്പയെടുത്തതിനാൽ വർഷം തോറും

പലിശയിനത്തിൽ ഗണ്യമായ തുക പഞ്ചായത്ത് ഒടുക്കേണ്ടിയിരിക്കുന്നു. വായ്പ തുക തിരിച്ചടച്ച് തീരുമ്പോഴേയ്ക്കും ഏകദേശം അതിനടുത്ത തുക പലിശയായി ഒടുക്കേണ്ട അവസ്ഥ സംജാതമായിരിക്കുകയാണ്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാനുതകുമാറ് ദീർഘ വീക്ഷണത്തോടെ ആയിരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുക പ്രയോജനപ്രദമല്ലാതെ ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി പ്രദേശത്തെ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം നില നിൽക്കുന്നതിനാൽ നാളിതുവരെ കരാറുകാരന് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല. മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സം പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 1-22 വനിതാ കാന്റീൻ പ്രവർത്തനം തുടങ്ങിയില്ല

കമളി പി.എച്ച്.സി. കോമ്പൗണ്ടിൽ വനിതാ കാന്റീൻ നിർമ്മിക്കുന്നതിനായി 2017-18 വർഷം പ്രൊജക്റ്റ് ആവിഷ്കരിക്കുകയും 2017-18, 2018-19 വർഷങ്ങളിൽ ചുവടെ ചേർത്തിരിക്കും പ്രകാരം തുക ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

| വർഷം | ബിൽ നം. & തീയതി | തുക ₹ |
|---|---|---|
| 2017-18 | 162/17-18, തീ. 27-03-2018 | 600449 |
| 2018-19 | 81/18-19, തീ. 25-01-2019 | 697989 |
| | ആകെ | 1298438 |

വനിതാ കാന്റീൻ നിർമ്മാണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും കാന്റീൻ നാളിതുവരെ ആരംഭിച്ചിട്ടില്ല. കാൻറീൻ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതും പദ്ധതി തുക വിനിയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിച്ച് നിഷ്ക്രിയാസ്തിയായി പരിണമിക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതുമാണ്.

### 1-23 പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല - കോടികൾ ചെലവഴിക്കാതെ നഷ്ടമാക്കി

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 401 പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിൽ കേവലം 266 എണ്ണം മാത്രമാണ് തൻവർഷം പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയത്. 136 എണ്ണം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും 43 എണ്ണം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ₹17,32,87,860/- വകയിരുത്തിയതിൽ ₹10,33,02,087/- മാത്രമാണ് ചെലവഴിച്ചത് ₹6,99,85,773/- ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. പഞ്ചായത്തിന്റെ വികസന പ്രവർത്തങ്ങൾക്ക് ചെലവഴിക്കാമായിരുന്ന 7 **കോടി**യോളം രൂപ നഷ്ടപ്പെടുത്തിയത് ഒട്ടും ഭൂഷണമല്ല. നടപ്പിലാക്കാത്ത പദ്ധതികളിൽ 43 എണ്ണം തുടർന്നുള്ള വർഷത്തെ പദ്ധതിയുടെ ഭാഗമായിട്ടില്ലായെന്നത് ആവശ്യാധിഷ്ഠിമല്ലാതെയാണ് പ്രസ്തുത പ്രോജക്ടുകൾ ആവിഷ്കരിച്ചതെന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. വിവിധ തലത്തിലും പദവികളിലുമുള്ള ബഹുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വിഭവശേഷിയും വിലയേറിയ സമയവും

പൊതുമുതലും (പദ്ധതി രൂപീകരണത്തിന് തൻവർഷം ചെലവഴിച്ച തുക : ₹4,49,632/-) വിനിയോഗിച്ച് ആവിഷ്കരിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകൾ വർഷാവർഷം ഇപ്രകാരം ഉപേക്ഷിക്കുന്ന പ്രവണത ഒട്ടും തന്നെ അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമ സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രായോഗികതയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയ ബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്/മോണിട്ടറിംഗ് സമിതികളുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

2018-19 വർഷം പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വരവ് -ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | | | | ആകെ ₹ | ചെലവഴിച്ച തുക ₹ | | | | ആകെ ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്ലാൻഫണ്ട് | മെയിന്റനൻസ് ഗ്രാൻറ് (റോഡ്) | മെയിന്റനൻസ് ഗ്രാൻറ് (നോൺ റോഡ്) | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | | പ്ലാൻ ഫണ്ട് | മെയിന്റനൻസ് ഗ്രാൻറ് (റോഡ്) | മെയിന്റനൻസ് ഗ്രാൻറ് (നോൺ റോഡ്) | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | | |
| 1 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 2213956 | 950000 | 0 | 0 | 3163956 | 2153776 | 950000 | 0 | 0 | 3103776 | 60180 |
| 2 | കൃഷി ഓഫീസർ | 7576842 | 0 | 0 | 0 | 7576842 | 2119540 | 0 | 0 | 0 | 2119540 | 5457302 |
| 3 | സെക്രട്ടറി | 31602439 | 0 | 736172 | 0 | 32338611 | 18967932 | 0 | 508050 | 0 | 19475982 | 12862629 |
| 4 | വെറ്ററിനറി സർജൻ | 4619750 | 0 | 475000 | 0 | 5094750 | 3029250 | 0 | 475000 | 0 | 3504250 | 1590500 |
| 5 | വി.ഇ.ഒ. | 17406937 | 0 | 0 | 0 | 17406937 | 15400000 | 0 | 0 | 0 | 15400000 | 2006937 |
| 6 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 0 | 0 | 1800000 | 0 | 1800000 | 0 | 0 | 1700000 | 0 | 1700000 | 100000 |
| 7 | അസി. എഞ്ചിനീയർ | 59099826 | | 20179545 | - | 79279371 | 29363593 | 11066211 | 0 | - | 40429804 | 38849567 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9329283 | 0 | 0 | 0 | 9329283 | 8101935 | 0 | 0 | 0 | 8101935 | 1227348 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1500000 | 0 | 0 | 0 | 1500000 | 1500000 | 0 | 0 | 0 | 1500000 | 0 |
| 10 | അസി. സെക്രട്ടറി | 15798100 | 0 | 0 | 0 | 15798100 | 7966800 | 0 | 0 | 0 | 7966800 | 7831300 |
| | ആകെ | 149147133 | 950000 | 23190717 | 0 | 173287860 | 88602826 | 12016211 | 2683050 | 0 | 103302087 | 69985773 |

### 1-24 വിനിയോഗ വിവരം ലഭ്യമായില്ല

ടൗൺ സൗന്ദര്യവൽക്കരണം (277/19) പദ്ധതിയിലൂടെ കുമളി ടൗണിൽ സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ബിൽ നം.31/18-19/തീ. 27-07-2018 പ്രകാരം ₹5,20,867/- കെൽട്രോണിൽ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ₹5,20,867/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഏജൻസിക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-25 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.-2/2009/ത.സ്വ.ഭവ പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

### 1-26 എച്ച്.എം.സി.- വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക്

വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-27 പഠനോപകരണ വിതരണം – വിതരണ വിവരങ്ങൾ ഹാജരാക്കിയില്ല

2018-19 വർഷം അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ ലഭ്യമായതിന്റെ കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുമളി പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട നിർധന കുടുംബത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി സ്റ്റീൽ മേശയും കസേരയും നല്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി ചുവടെ ചേർത്ത രീതിയിൽ (ഒരു മേശയും കസേരയും ഒരു യൂണിറ്റ്) പഠനോപകരണം വിദ്യാലയങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് വിവരങ്ങൾ | ബിൽ നം. & തുക ₹ | ഉപകരണങ്ങൾ<br>കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 0088/19<br>പട്ടികജാതി വിദ്യാർത്ഥികൾക്ക്<br>പഠനോപകരണങ്ങൾ | 1) ബിൽ നം. 21/18-19/തീ. 20-03-2019<br>തുക ₹3,00,000/- | എച്ച്.എസ്.എസ്.<br>അമരാവതി - 49 യൂണിറ്റ് |
| - ടി - | 2) ബിൽ നം. 19/18-19/തീ.13-03-2019<br>തുക ₹96,000/- | എച്ച്.എസ്.എസ്.<br>& റ്റി.റ്റി.ഐ,<br>കുമളി – 61 യൂണിറ്റ് |
| - ടി - | 3) ബിൽ നം. 10/18-19/തീ.27-02-2019<br>തുക ₹96,000/ | ഹൈസ്കൂൾ,<br>വിശ്വനാഥപുരം |

| | | |
|---|---|---|
| | | 13 യൂണിറ്റ് |
| | **ആകെ ₹4,92,000/-** | |
| 0090/19 പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ | 1)ബിൽ നം. 20/18-19/തീ. 13-03-2019 തുക ₹96,000/- | എച്ച്.എസ്.എസ്. അമരാവതി - 5 യൂണിറ്റ് |
| - ടി - | 2) ബിൽ നം. 22/18-19/തീ.21-03-2019 തുക ₹52,000/- | എച്ച്.എസ്.എസ്. & റ്റി.റ്റി.ഐ, കുമളി – 15 യൂണിറ്റ് |
| - ടി - | 3) ബിൽ നം. 8/18-19/തീ.27-02-2019 തുക ₹96,000/- | ഹൈസ്കൂൾ, വിശ്വനാഥപുരം 16യൂണിറ്റ് |
| | 4)ചെക്ക് നം712574/തീ.26-02-2019 തുക ₹56,000/- | ഹൈസ്കൂൾ കുമളി 30യൂണിറ്റ് |
| | **ആകെ ₹3,00,000/-** | ഗവ. ട്രൈബൽ സ്കൂൾ കുമളി 9 യൂണിറ്റ് |

പഠനോപകരണങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമായിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

### 1-28 നിക്ഷേപ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ, വാർഡ് 9,12 | 21800357 | 250000 | 0 | 250000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ, വാർഡ് 14 | 21900452 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ, വാർഡ് 12 | 21800531 | 600000 | 0 | 600000 |
| കേരള വാട്ടർ | മന്നാക്കുടി കുടിവെള്ള | 21800529 | 806700 | 0 | 806700 |

| | | | | | |
|---|---|---|---|---|---|
| അതോരിറ്റി | പദ്ധതി പൈപ്പ് ലൈൻനീട്ടൽ | | | | |
| കേരള വാട്ടർ അതോരിറ്റി | കുരിശുമല കടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ | 2180880 | 100000 | 0 | 100000 |
| കേരള വാട്ടർ അതോരിറ്റി | ഒന്നാം മൈൽ ഹെൽത്ത് സെന്റർ കടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ | 21801877 | 100000 | 0 | 100000 |
| കേരള വാട്ടർ അതോരിറ്റി | ഒ.എൽ.എച്ച്.എസ്. കുടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ | 21801876 | 500000 | 0 | 500000 |
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻനീട്ടൽ, വാർഡ് 14 | 21801938 | 400000 | 0 | 400000 |
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻനീട്ടൽ, വാർഡ് ആനക്കുഴി പുതുവൽ കല്ലറയ്ക്കൽ ഡിവിഷൻ | 21801879 | 400000 | 0 | 400000 |
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻനീട്ടൽ, വാർഡ് ആനക്കുഴി പുതുവൽ ഞള്ളുവേലി ഭാഗം | 21800349 | 400000 | 0 | 400000 |

പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രവും വാല്യുവേഷൻ സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

### 1-29 പൊതുടാപ്പുകൾ, തെരുവുവിളക്ക് - രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 74 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം ₹32,375/- നിരക്കിൽ തൻവർഷം ₹3,88,500/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. സ.ഉ.(ആർ.ടി)/1501 /2006/തസ്വഭവ/തീ. 23.06.2006, സ.ഉ.(ആർ.ടി) 2243/2011/തസ്വഭവ/തീ. 28.09.2011 എന്നിവയിൽ അനുശാസിക്കും പ്രകാരം കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി നിലവിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം ഉറപ്പാക്കിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി വെള്ളക്കരം തിട്ടപ്പെടുത്തി ഒടുക്കുവാൻ നിർദ്ദേശിക്കുന്നു.

**തെരുവ് വിളക്കുകൾ**

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ തൻവർഷം ₹6,15,976/-യും മറ്റ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ₹4,25,297/-യും തൻവർഷം ഒടുക്കിയിരിക്കുന്നു. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം, കൺസ്യൂമർ നം. എന്നീ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ലഭ്യമായ രേഖകൾ പ്രകാരം 264 കൺസ്യൂമർ നമ്പരിലായാണ് ഈ തുക ഒടുക്കിയിരിക്കുന്നത്. തൻവർഷവും വിവിധ തരത്തിലുള്ള തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി 7 പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. ഇതിനായി ₹33,88,440/- ചെലവഴിച്ചിരിക്കുന്നു.

ആയവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക ₹ |
|---|---|---|
| 1 | സോളാർ ലൈറ്റ് സ്ഥാപിക്കൽ | 1125000 |
| 2 | എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ | 125000 |
| 3 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 348000 |
| 4 | സൗരതെരുവ് വിളക്ക് സ്ഥാപിക്കൽ | 490000 |
| 5 | സ്ട്രീറ്റ് ലൈറ്റ് | 398000 |
| 6 | എൽ.ഇ.ഡി. തെരുവിളക്ക് | 447800 |
| 7 | മന്നാക്കുടി മിനിമാസ്റ്റ് | 454640 |
| | ആകെ | 3388440 |

ഈ ലൈറ്റുകൾ എവിടെയൊക്കെ സ്ഥാപിച്ചിരിക്കുന്നു എന്നത് സംബന്ധിച്ച രജിസ്റ്ററുകൾ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിൽ ഇരട്ടിപ്പ് വരുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മെയിന്റനൻസ് യഥാസമയത്ത് തന്നെ നടത്തുന്നുണ്ടോ, വാറണ്ടി കാലയളവിൽ കേടാവുന്ന ലൈറ്റുകളുടെ കാര്യത്തിൽ യഥാവിധി റിപ്പോർട്ട് ചെയ്ത് പരിഹരിക്കുന്നുണ്ടോ എന്നീ കാര്യങ്ങളും പരിശോധിക്കുന്നതിന് പഞ്ചായത്തിൽ യാതൊരു സംവിധാനവുമില്ല. ആവശ്യമായ രജിസ്റ്ററുകൾ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

### 1-30 പാലിന് സബ്സിഡി - ക്ഷീര സംഘത്തിൽ പാൽ അളന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം. | 446/2019 |
| പദ്ധതി | ക്ഷീര കർഷകർക്ക് പാലിന് ധനസഹായം |
| അടങ്കൽ | തനത് ഫണ്ട് ₹5,00,000/- |
| സാംങ്ഷൻ നം. | ₹3,16,797/- തീ. 27.03.2019 |
| | ₹82,881/- തീ. 29.03.2019 |

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിന് ആനുപാതികമായി കർഷകന് ധനസഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ സ.ഉ.(കൈ)22/2018 ഖണ്ഡിക 6.2(8) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ബില്ല് പ്രകാരം പിൻവലിച്ച തുക 65 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ക്ഷീര സംഘത്തിൽ അളന്ന പാലിന്റെ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്ഷീര വകുപ്പിൽ നിന്ന് തുക ലഭിക്കാത്ത സാഹചര്യത്തിൽ ലിറ്ററിന് നൽകിയ ധനസഹായ തുകയുടെ നിരക്ക് (₹3/- വീതമാണോ, ₹4/- വീതമാണോ ലിറ്ററിന് നൽകിയത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ₹3,99,678/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-31 നോൺ അവെയ് ലബിലിറ്റി സാക്ഷ്യപത്രമില്ലാതെ ₹4,75,000/-യുടെ മരുന്നുകൾ വാങ്ങി

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം. | 45/2019 |
| പദ്ധതി | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | റോഡിതരം ₹4,75,000/- |
| ബിൽ നം. | 20/2018-19/തീ: 14.03.2019 |
| തുക | ₹4,75,000/- |

വെറ്ററിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വകുപ്പിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺ അവെയ് ലബിറ്റി സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മരുന്ന് വാങ്ങൽ നടപടികളിലൂടെ മരുന്ന് വാങ്ങുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ സ.ഉ(കൈ)22/2018 ഖണ്ഡിക 6.2(12) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ മൃഗ സംരക്ഷണ വകുപ്പിൽ നിന്നുള്ള നോൺ അവെയ് ലബിറ്റി സാക്ഷ്യപത്രമില്ലാതെ ടെണ്ടർ നടപടികളിലൂടെ തൊടുപുഴ ഡ്രഗ് ഹൗസിൽ നിന്നും 02.02.2019ലെ 40542-ാം നമ്പർ ഇൻവോയ്സ് പ്രകാരം ₹4,75,000/-യുടെ മരുന്നുകൾ

വാങ്ങിയിരിക്കുന്നു. സർക്കാരിന്റെ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-32 ശബരിമല മുന്നൊരുക്ക പ്രവർത്തനങ്ങൾ - സംബന്ധിച്ച്

ശബരിമല സീസണോടനുബന്ധിച്ച് അനേകം തീർത്ഥാടകർ പ്രതിദിനം ഗ്രാമപഞ്ചായത്തിൽ എത്തുന്നുണ്ട്. ശബരിമല മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിപാടികൾ താഴെ പരാമർശിക്കുന്നു.

| ക്രമ നം. | പദ്ധതി നം. & പദ്ധതി | ചെലവ് തുക ₹ | നടത്തിയ പ്രവർത്തനം |
|---|---|---|---|
| 1 | 11<br>ശബരിമല തീർത്ഥാടനം മുന്നൊരുക്ക പ്രവർത്തനങ്ങൾ | 365950 | ടൗണിൽ കുടിവെള്ള ടാങ്ക്, പൊതു കക്കൂസുകൾ വൃത്തിയാക്കൽ, വഴിബോർഡ് സ്ഥാപിക്കൽ, ക്ലീനിംഗ് സാധനങ്ങൾ വാങ്ങൽ തുടങ്ങിയവ |
| 2 | 437<br>ശബരിമല തീർത്ഥാടനം ടൗണിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 298000 | ടൗണിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചത് |
| | **ആകെ** | **663950** | |

ശബരിമല പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 11.10.2018ലെ സ.ഉ(സാധാ)2615/2018 ഉത്തരവ് പ്രകാരം ₹5,00,000/- ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശപ്രകാരം ശബരിമല സീസൺ പ്രവർത്തനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കേണ്ടതും പ്രത്യേക ഗ്രാന്റിന്റെ വിനിയോഗ സാക്ഷ്യപത്രം വകുപ്പ് തലവന് യഥാസമയം നൽകേണ്ടതുമാണ്. പ്രത്യേക രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-33 വിവിധ വൈദ്യുതീകരണ പദ്ധതികൾ - അപാകതകൾ - അധിക തുക നൽകിയത്

സെക്രട്ടറി നടപ്പാക്കിയ വൈദ്യുതീകരണത്തിന്റെ മൂന്ന് പദ്ധതികളും അമരാവതി പടിക്കിഴക്കേൽ ശ്രീ. അലക്സ് സാമുവൽ എന്ന വ്യക്തിയാണ് കരാർ ഏറ്റെടുത്ത് നടപ്പിലാക്കിയത്. പദ്ധതി പ്രകാരമുള്ള എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് റിക്കോർഡിംഗ് ചാർജ്ജ് എന്നിവ അതാത് വ്യക്തികൾക്കും സ്ഥാപനത്തിനും നൽകേണ്ടതിന് പകരം കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകിയതായി കാണുന്നു. കൂടാതെ കണ്ടിജൻസി ഇനത്തിൽ എസ്റ്റിമേറ്റിൽ അധികരിച്ച് കരാറുകാരന് നൽകിയിട്ടുമുണ്ട്. വിശദാംശങ്ങൾ **ഖണ്ഡിക 3-1** കാണുക.

### 1-34 മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത്

| | |
|---|---|
| പദ്ധതി നം. | 345/18-19 |
| പദ്ധതിയുടെ പേര് | ആദിവാസി മേഖലയിലെ ലഹരി വിമോചന ബോധവൽക്കരണം |
| ബിൽ നം. | 53/18-19/12-03-2019 ₹20,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| തനതു ഫണ്ട് | ചെക്ക് നം. 712575 തീ. 26-02-2019 ₹13,600/- |

ആദിവാസി മേഖലയിലെ ലഹരി വിമോചന ബോധവൽക്കരണം പദ്ധതിയ്ക്കായി മെഡിക്കൽ ഓഫീസർ ₹33,600/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 14-02-2018 ലെ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)22/18 8.4 പ്രകാരം ഉല്പാദനപരമല്ലാത്ത പരിപാടികളായ ബോധവല്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ, കമാനങ്ങൾ നിർമ്മാണം മുതലായവ തദ്ദേശ സ്ഥാപനങ്ങൾ വികസനഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ലാത്തതാണ്. ആയതിനാൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടത്തിയതിനാൽ ₹33,600/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-35 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച്

തൻവർഷം അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | പദ്ധതി നം. | ചെലവ് തുക ₹ |
|---|---|---|
| വിവാഹധനസഹായം<br>(എസ്.സി.പി) | 87/18-19 | ബിൽ നം. 8/11-03-2019 ₹3,75,000/-<br>ബിൽ നം.13/27-0-2019 ₹3,00,000/-<br>ബിൽ നം.23/26-03-2019 ₹3,75,000<br>ബിൽ നം.26/21-03-2019 ₹75,000/- |
| പി.വി.സി വാട്ടർ ടാങ്ക് വിതരണം<br>(എസ്.റ്റി) | 368/18-19 | ചെക്ക് നം. 709046/04-07-2018<br>₹50,000/- |
| പി.വി.സി വാട്ടർ ടാങ്ക് വിതരണം | 369/18-19 | ചെക്ക് നം. 709046/04-07-2018 |

| | | |
|---|---|---|
| (എസ്.സി) | | ₹50,000/- |
| പി.വി.സി വാട്ടർ ടാങ്ക് വിതരണം എസ്.സി (വാർഡ് 6,9,10,17) | 370/18-19 | ചെക്ക് നം. 709046/04-07-2018 ₹1,33,000/- ചെക്ക് നം. 709046/04-07-2018 ₹14,860/- |
| | **ആകെ** | **₹13,72,860/-** |

ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/19.12.2019ന് മറുപടി ലഭ്യമാക്കിയില്ല. ഫയലുകൾ ഹാജരാക്കാത്തതിനാൽ ₹13,72,860/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ലൈഫ് പദ്ധതി അവലോകനം

##### എ) ഗുണഭോക്താക്കളുടെ വിശദാംശം

2018-19 വർഷം ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു

| | ജനറൽ | എസ്.സി | എസ്.ററി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 233 | 96 | 24 | 353 |
| പണി തുടങ്ങാത്തത് | 4 | 3 | 0 | 7 |
| തുടങ്ങിയത് | 229 | 96 | 24 | 349 |
| തറ തീർന്നത് | 5 | 42 | 24 | 71 |
| ലിന്റൽ തീർന്നത് | 10 | 30 | 6 | 46 |
| മേൽക്കൂര തീർന്നത് | 9 | 35 | 10 | 54 |
| പണി തീർന്നത് | 205 | 28 | 2 | 235 |

**ബി)ഫണ്ട് വിശകലനം**

ലൈഫ് ഭവനപദ്ധതിയ്ക്കായി തൻവർഷം ലഭ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചിലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 13221600 | 13221600 | 13221000 | 600 |
| എസ്.സി.പി. | 0 | 5390800 | 5390800 | 4289800 | 7101000 |
| റ്റി.എസ്.പി. | 0 | 0 | 0 | 0 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 0 | 2294500 | 2294500 | 2250200 | 44300 |
| വായ്പ | 0 | 29180000 | | 29180000 | 0 |
| ജില്ലാപഞ്ചായത്ത് | 0 | 5134314 | 5134314 | 5134000 | 314 |
| തനത് ഫണ്ട് | 0 | 133227 | 133227 | 125000 | 8227 |

**ഭാഗം -2**

**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**- - ഇല്ല-**

**ഭാഗം -3**

**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 വിവിധ വൈദ്യുതീകരണ പദ്ധതികൾ അധിക തുക നൽകിയത്**

സെക്രട്ടറി നടപ്പാക്കിയ വൈദ്യുതീകരണത്തിന്റെ മൂന്ന് പദ്ധതികളും അമരാവതി പടിക്കിഴക്കേൽ ശ്രീ. അലക്സ് സാമുവൽ എന്ന വ്യക്തിയാണ് കരാർ ഏറ്റെടുത്ത് നടപ്പിലാക്കിയത്. പദ്ധതി പ്രകാരമുള്ള എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് റിക്കോർഡിംഗ് ചാർജ്ജ് എന്നിവ അതാത് വ്യക്തികൾക്കും സ്ഥാപനത്തിനും നൽകേണ്ടതിന് പകാരം കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകിയതായി കാണുന്നു. കണ്ടിജൻസി ഇനത്തിൽ എസ്റ്റിമേറ്റിൽ അധികരിച്ച് കരാറുകാരന് നൽകിയിട്ടുമുണ്ട്.

വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതി നം. | 151/2019 |
| പദ്ധതി | 66-ാം മൈൽ അംഗണവാടി വൈദ്യുതീകരണം |
| അടങ്കൽ | റോഡിതരം ₹2,63,709/- |
| ബിൽ നം | 78/2018-19/12.03.2019 |
| തുക | ₹99,800/- |

| ഇനം | തുക ₹ | |
|---|---|---|
| എം. ബുക്ക് പ്രകാരം പ്രവർത്തി മൂല്യം | | 91040 |
| ആദായ നികുതി | 910 | |
| നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം | 910 | |
| കരാറുകാരന് നൽകാവുന്ന തുക (91040-1820) | | 89220 |
| എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ് 3% | | 2730 |
| ചെക്ക് മെഷർമെന്റ് റിക്കോർഡിംഗ് ചാർജ്ജ് 1% | | 910 |
| SPW/P സർവ്വീസ് കണക്ഷൻ ഫീസ് | | 5000 |
| ബിൽ പ്രകാരം പിൻവലിക്കാവുന്ന തുക | | 99680 |
| പിൻവലിച്ച തുക | | 99800 |
| അധികം പിൻ വലിച്ച തുക | | 120 |
| കരാറുകാരന് നൽകിയത് | 97804 | |
| അധികം നൽകിയത് | 8584 | |

**2) ഒ.എൽ.എച്ച്.എസ്. ഗ്രാമകേന്ദ്രം വൈദ്യുതീകരണം**

| | |
|---|---|
| പദ്ധതി നം. | 32/2019 |
| പദ്ധതി | ഒ.എൽ.എച്ച്.എസ്. ഗ്രാമകേന്ദ്രം വൈദ്യുതീകരണം |
| അടങ്കൽ | തനത് ഫണ്ട് ₹1,50,000/- |
| സാങ്ഷൻ നം. | 492/2018-19/18.03.2019 |
| തുക | ₹1,50,000/- |

| ഇനം | തുക ₹ | |
|---|---|---|
| എം. ബുക്ക് പ്രകാരം പ്രവർത്തി മൂല്യം | 143879 | |
| ടെണ്ടർ പ്രകാരം 2% (₹2,878/-) കുറച്ചത് | | 141001 |
| ആദായ നികുതി | 1410 | |
| നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം | 1410 | |
| കരാറുകാരന് നൽകാവുന്ന തുക (141001-2820) | | 138181 |
| എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ്(143879) 3% | | 4316 |
| ചെക്ക് മെഷർമെന്റ് റിക്കോർഡിംഗ് ചാർജ്ജ് (143879)1% | | 1439 |
| കണ്ടിജൻസി | | 361 |
| ബിൽ പ്രകാരം പിൻവലിക്കാവുന്ന തുക | | 147117 |

| | | |
|---|---|---|
| പിൻവലിച്ച തുക | | 150000 |
| അധികം പിൻ വലിച്ച തുക | | 2883 |
| കരാറുകാരന് നൽകിയത് | 147000 | |
| അധികം നൽകിയത് | 8819 | |

**3. സ്റ്റാഫ് ക്വാർട്ടേഴ്സ് വൈദ്യുതീകരണം**

| | |
|---|---|
| പദ്ധതി നം | 460/2019 |
| പദ്ധതി | സ്റ്റാഫ് ക്വാർട്ടേഴ്സ് വൈദ്യുതീകരണം |
| അടങ്കൽ | തനത് ഫണ്ട് ₹2,25,000/- |
| സാങ്ഷൻ നം. | 494/2018-19/18.03.2019 |
| തുക | ₹2,25,000/- |

| ഇനം | തുക ₹ | |
|---|---|---|
| എം. ബുക്ക് പ്രകാരം പ്രവർത്തി മൂല്യം | 215847 | |
| ടെണ്ടർ പ്രകാരം 2% (₹4,317/-) കുറച്ചത് | 211530 | 211530 |
| ആദായ നികുതി | 2158 | |
| നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം | 2158 | |

| | | |
|---|---|---|
| കരാറുകാരന് നൽകാവുന്ന തുക (211530-4317) | 207213 | |
| എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ്(215847) 3% | | 6474 |
| ചെക്ക് മെഷർമെന്റ് റിക്കോർഡിംഗ് ചാർജ്ജ് (215847)1% | | 2160 |
| കണ്ടിജൻസി | | 518 |
| ബിൽ പ്രകാരം പിൻവലിക്കാവുന്ന തുക | | 220682 |
| പിൻവലിച്ച തുക | | 225000 |
| അധികം പിൻ വലിച്ച തുക | | 4318 |
| കരാറുകാരന് നൽകിയത് | 220500 | |
| അധികം നൽകിയത് | 13287 | |

അധികം നൽകിയ തുകയുടെ വിവരങ്ങൾ.

| ക്രമ നം | പദ്ധതി | എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ് ₹ | ചെക്ക് മെഷർമെന്റ് റിക്കോർഡിംഗ് ചാർജ്ജ് ₹ | SP W/P സർവ്വീസ് കണക്ഷൻ ഫീസ് ₹ | കണ്ടിജൻസി ഇനത്തിൽ അധികം നൽകിയത് ₹ | ആകെ ₹ |
|---|---|---|---|---|---|---|
| 1 | 66-ാം മൈൽ അംഗനവാടി വൈദ്യുതീകരണം | 2730 | 910 | 5000 | 120 | 8760 |
| 2 | ഒ.എൽ.എച്ച്.എസ്. ഗ്രാമകേന്ദ്രം വൈദ്യുതീകരണം | 4316 | 1439 | | 3064 | 8819 |
| 3 | സ്റ്റാഫ് ക്വോർട്ടേഴ്സ് | 6474 | 2160 | | 4653 | 13287 |

| | | | | | | |
|---|---|---|---|---|---|---|
| | വയറിംഗ് വൈദ്യുതീകരണം | | | | | |
| | ആകെ | 13520 | 4509 | 5000 | 7837 | 30866 |

കരാറുകാരന് അധികം നൽകിയ തുകയിൽ എസ്റ്റിമേറ്റ് & സൂപ്പർ വിഷൻ ചാർജ്ജ് ₹13,520/-, ചെക്ക് മെഷർമെന്റ് റിക്കോർഡിംഗ് ചാർജ്ജ് ₹4,509/-, SPW/P സർവ്വീസ് കണക്ഷൻ ഫീസ് ₹5,000/- എന്നിവ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അതാത് വ്യക്തികൾക്കും സ്ഥാപനത്തിനും നൽകേണ്ടതാണ്. കണ്ടിജൻസി ഇനത്തിൽ എസ്റ്റിമേറ്റിൽ അധികരിച്ച് നൽകിയ ₹7,837/- ഈടാക്കി അതാത് ഫണ്ടുകളിലേയ്ക്ക് തിരിച്ചടവാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.2019 മുതൽ 25.05.2019 വരെ | കെ.എസ്.ഐ.ഡി.കെ-3/520(24)/2019/തീ. 13.08.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| അഴുത ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 4558460 | ലൈഫ് ഭവന പദ്ധതി | 3060503 | 1497957 |
| ഇടുക്കി ജില്ലാപഞ്ചായത്ത് | 2018-19 | 1000000 | പാലിന് സബ്സിഡി | 1000000 | 0 |
| ഇടുക്കി ജില്ലാപഞ്ചായത്ത് | 2018-19 | 6599707 | ലൈഫ് ഭവന പദ്ധതി | 6190485 | 409222 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ വാർഡ് 9, 12 | 21800357 | 250000 | 0 | 250000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ വാർഡ് 14 | 21900452 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ വാർഡ് 12 | 21800531 | 600000 | 0 | 600000 |
| കേരള വാട്ടർ അതോറിറ്റി | മന്നാക്കുടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ | 21800529 | 806700 | 0 | 806700 |
| കേരള വാട്ടർ അതോറിറ്റി | കുരിശുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ | 2180880 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | ഒന്നാം മൈൽ ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ | 21801877 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | ഒ.എൽ.എച്ച്.എസ്. കുടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ | 21801876 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ വാർഡ് 14 | 21801938 | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ വാർഡ് ആനക്കുഴി പുതുവൽ കല്ലറയ്ക്കൽ ഡിവിഷൻ | 21801879 | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ വാർഡ് ആനക്കുഴി പുതുവൽ ഞള്ളുവേലി ഭാഗം | 21800349 | 400000 | 0 | 400000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**- ഇല്ല -**

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹3,94,16,527/- വരവുണ്ട്. ₹3,94,16,527/-യും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 299564/D/ BU/LSGD/15 01.10.2015 | 48280740 | 35901120 | 6370117 | 1941844 | 29531003 |
| കെ.യു.ആർ.ഡി. എഫ്. സി. - ലൈഫ് ഭവന പദ്ധതി | GO(MS)68/18/ LSGD 18.05.2018 | 39416527 | 0 | 0 | 0 | 39416527 |

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹6000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹6000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹6000000 |

പലിശയിനത്തിൽ ലഭിച്ച ₹4,35,449/- തനത് ഫണ്ടിൽ നിക്ഷേപിച്ചു.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | അമരാവതി സർവ്വീസ് സഹകരണ ബാങ്ക്, കുമളി ശാഖ | 21.11.2018 | 1 വർഷം | 2500000 | - |
| 2 | ഗ്രാമീൺ ബാങ്ക്, കുമളി | 15.11.2018 | 1 വർഷം | 1000000 | - |
| 3 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം | 13..11.2018 | 1 വർഷം | 1000000 | - |
| 4 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം | 17.7.2019 | 1 വർഷം | 1500000 | - |
| ആകെ | | | | 6000000 | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹60,855/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2014-15 | ഖ. 3-2 ഇല്ലിക്കുഴിമേട് റോഡ് | 14995 | ശ്രീ. ലിയോ എൽ. ജോസ് അസി. എഞ്ചിനീയർ | 118010102224/10.07.18 |
| 2014-15 | ഖ. 3-3 – നൂലുംപാറ അമരാവതി റോഡ് | 8401 | ശ്രീ. ലിയോ എൽ. ജോസ് അസി. എഞ്ചിനീയർ | 118010102225/10.07.18 |
| 2014-15 | ഖ. 3-1 – അയ്യപ്പൻമല പള്ളിപ്പടി റോഡ് | 36051 | ശ്രീ. ലിയോ എൽ. ജോസ് അസി. എഞ്ചിനീയർ | 118010102916/01.09.18 |
| 2017-18 | 3-12 | 273 | ശ്രീ. പ്രശാന്ത് ബി. കൃഷി ഓഫീസർ | 118010104562/04.01.19 |
| 1997-98 | 9 | 1135 | ശ്രീ. എം. എസ്. രവി സെക്രട്ടറി | 118010106374/19.03.19 |

**വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന ₹74,848/-യിൽ ₹13,993/- ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവല്ല.**

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 3-12 | 2009-10 | 2.8 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് | പരാമർശം തുടരുന്നു |
| 2 | 2006-07 | 3-10 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് | പരാമർശം തുടരുന്നു |
| 3 | | - | 2014-15 | അനുബന്ധം 4 | വിഷയാധിഷ്ഠിത അവലോകനം | പരാമർശം തുടരുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 4 | | - | 2015-16 | 4.1.5 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം | പരാമർശം തുടരുന്നു |
| 5 | 2014-15 | 2-3 | 2016-17 | അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | പരാമർശം തുടരുന്നു |
| | | | | | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു |
| 6 | | - | 2017-18 | അനുബന്ധം 5 | നിർവ്വഹണ ഏജൻസിയായ കെ.ഡബ്ല്യൂ.എ.- ഉം ആയി കരാർ ചമച്ചില്ല | പരാമർശം തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

| സ്ഥാപനത്തിന്റെ പേര് | വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | സ്വയം അടവാക്കിയ തുക, രസീത് നം. തീയതി | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| കമളി ഗ്രാമ പഞ്ചായത്ത് | 1998-99 | 26 | എൽ. ധർമ്മപാലൻ | എൽ. എഫ്. 4064/ | 4440 | ഇല്ല | | | | | | 4440 | |
| | | 29 | | | 25000 | ഇല്ല | | | | | | 25000 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 30 | | സ്പെ.സെൽ./ (എസ്.സി.2) 2002 തീ.30.05.02/ 19.07.02 | 10000 | ഇല്ല | | | | | | 10000 | |
| | | 36 | | | 50000 | ഇല്ല | | | | | | 50000 | |
| | | 37 | | | 1491 | ഇല്ല | | | | | | 1491 | |
| കമളി ഗ്രാമ പഞ്ചായത്ത് | 1999-2000 | 30,33,35, 36,41,42 | എൽ. ധർമ്മപാലൻ | എൽ.എഫ്. 6657/ സ്പെ.സെൽ (എസ്.സി.2) 2003 തീയതി: 04.12.03 | 76900 | ഇല്ല | | | | | | 76900 | |
| കമളി ഗ്രാമ പഞ്ചായത്ത് | 2000-01 | 20(a) | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06 | 900 | ഇല്ല | | | | | | 900 | |
| | | 22 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06 | 1217 | ഇല്ല | | | | | | 1217 | |
| | | 35 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06 | 1591 | ഇല്ല | | | | | | 1591 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 37(1) | റ്റി.വി. തോമസ് | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2006 തീയതി: 16.05.06 | 14440 | ഇല്ല | | | | | 14440 | |
| | | 40 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2006 തീയതി: 17.05.06 | 745025 | ഇല്ല | | | | | 745025 | |
| കമളി ഗ്രാമ പഞ്ചായത്ത് | 2001-02 | 14 | എം.എൻ. അബ്ദുൾ റഹിം | എൽ.എഫ്. 9190/ സ്പെ.സെൽ (എസ്.സി.2) 2007 തീയതി: 24.11.09 | 148050 | ഇല്ല | | | | | 148050 | |
| കമളി ഗ്രാമ പഞ്ചായത്ത് | 2002-03 | 3-11, 3-12, 3-13 | റ്റി.വി. തോമസ് | എൽ.എഫ്. 8307/ സ്പെ.സെൽ (എസ്.സി.2) 2007 തീയതി: 26.10.09 | 23819 | ഇല്ല | | | | | 23819 | |
| കമളി ഗ്രാമ പഞ്ചായത്ത് | 2006-07 | 3-8 | പി.ജെ. ജോസഫ് | എൽ.എഫ്. 23606/ സ്പെ.സെൽ (എസ്.സി./ സി1/11 | 129004 | ഇല്ല | | | | | 129004 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | തീയതി: 07.08.14/ 01.01.14 | | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹24,31,00,696 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹21,80,70,318 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹7,837 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,32,70,005 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ **ഭാഗം 1**-ലേയും **ഭാഗം 3**-ലേയും തുകയാണ്).

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7837 | ശ്രീ. വി. ആർ. അജിത് കുമാർ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 520867 | റഷീദ് പി. കെ., അസി. എഞ്ചിനീയർ |
| 1-30 | 399678 | ഡോ. എസ്. കാളീശ്വരൻ |

| | | |
|---|---|---|
| 1-34 | 33600 | ഡോ. വെങ്കിടലക്ഷ്മി എസ്., മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-35 | 1372860 | ശ്രീ. അനിൽകുമാർ എസ്. എൽ., അസി. സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**- ഇല്ല -**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഖണ്ഡിക നം. 1-13**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി. ആർ. അജിത് കുമാർ | സെക്രട്ടറി<br>മൂന്നാർ ഗ്രാമപഞ്ചായത്ത് | രവീന്ദ്രം, ദളവാ റോഡ്<br>മെഡിക്കൽ കോളേജ് പി. ഒ.<br>തിരുവനന്തപുരം |
| ഡോ. എസ്. കാളീശ്വരൻ | വെറ്ററിനറി സർജൻ<br>മൂന്നാർ | പല്ലവരായ മേന്തൽ<br>നായനാർ കോവിൽ പോസ്റ്റ്<br>പരമക്കുടി താലൂക്ക്<br>രാമനാഥപുരം ജില്ല<br>തമിഴ് നാട് - 623705 |
| ഡോ. എസ്. വെങ്കിടലക്ഷ്മി<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>കുമളി | പൂങ്കാവനം<br>അട്ടപ്പള്ളം പി. ഒ.<br>കുമളി |
| ശ്രീ. അനിൽകുമാർ എസ്. എൽ.<br>അസി. സെക്രട്ടറി | സെക്രട്ടറി<br>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | തപസ്യ<br>അട്ടപ്പള്ളം പി. ഒ.<br>കുമളി |
| ശ്രീ. റഷീദ് പി. കെ.<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>രാജാക്കാട് ഗ്രാമപഞ്ചായത്ത് | പുളിക്കൽ ഹൗസ്.<br>സേനാപതി പി.ഒ.<br>സേനാപതി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ.6-308/2000/ 31.01.2001 | 26, 29, 30, 36, 37 | 5 |
| 1999-00 | എൽ.എഫ്.ഐ 6-55/2001/ 08.04.2002 | 30, 33, 35, 36, 41, 42 | 6 |
| 2000-01 | എൽ.എഫ്.ഐ 6-120/2003 30.06.2003 | 20, 22, 35, 37(1), 40 | 5 |
| 2001-02 | എൽ.എഫ്.ഐ 6-40/04 06.08.2004 | 14 | 1 |
| 2002-03 | എൽ.എഫ്.ഐ 6-640/2005/ 11.01.2006 | 2-5, 3-11, 12, 13 | 4 |
| 2003-04 | എൽ.എഫ്.ഐ 6-450/2007/ 04.09.2007 | 3-5 | 1 |
| 2005-06 | എൽ.എഫ്.ഐ 6-1109/2008/ 25.05.2009 | 3-2, 12, 16, 17, 18 | 5 |
| 2006-07 | എൽ.എഫ്.ഐ 8/1287/13/ 06.11.2013 | 2-1 (I) a,b,c, 2-1(II), 2-2 മുതൽ 2-8 വരെ 3-1 മുതൽ 3-19 വരെ | 26 |
| 2007-08 | കെ.എസ്.എ-ഐ.ഡി.കെ.8/1019/17 | 2-3, 2-4, 3-1, 3-3(ഭാഗികം), 3-4, 3-6, 3-7, 3-8, 3-9, 3-11 മുതൽ 3-16 വരെ | 15 |
| 2008-09 | കെ.എസ്.എ-ഐ.ഡി.കെ.8/804 /2018/27.16.18 | 2-1 മുതൽ 2-8 വരെ, 3-1 മുതൽ 3-17 വരെ | 25 |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.ഐ 8-1247/14/31.03.15 | 2-1 മുതൽ 2-4 വരെ,<br>3-1 മുതൽ 3-16 വരെ | 22 |
| 2010-11 | കെ.എസ്.എ-ഐ.ഡി.കെ.8/229<br>/18/01.03.18 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-10 വരെ | 14 |
| 2011-12 | കെ.എസ്.എ-ഐ.ഡി.കെ.8/<br>1003/18/11.01.18 | 2-1,2-2, 3-1 മുതൽ 3-16 വരെ | 18 |
| 2012-13 | എൽ.എഫ്.ഐ 8-829/<br>2014/13.03.15 | 2-1 മുതൽ 2-6 വരെ,<br>3-1 മുതൽ 3-9 വരെ | 15 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ 8/784/18<br>04.04.18 | 2-1 a, b, 2-2, 2-3, 3-1 മുതൽ<br>3-4, 3-6, 3-7 വരെ | 9 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ 8/1143<br>/17/17.10.17 | 2-2, 2-3, 3-1 മുതൽ 3-12 വരെ | 14 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ.8/<br>447/18/18.05.18 | 2-1, 2-2, 3-1 മുതൽ 3-9 വരെ | 11 |
| 2016-17 | കെ.എസ്.എ.-ഐ.ഡി.കെ 8/341/18<br>22.03.18 | 2-1 മുതൽ 2-4, 2-6 മുതൽ 2-9 വരെ<br>3-1 മുതൽ 3-16 വരെ | 22 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ 8/980/18<br>05.10.2018 | 1-12, 2-1 മുതൽ 2-5, 3-1 മുതൽ<br>3-11വരെ 4-2 മുതൽ 4-10 വരെ | 16 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

**അനുബന്ധം – 1**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

**<u>നം.കെ.എസ്.എ.-ഐ.ഡി.കെ-8/1189/2019</u>**

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ഓഡിറ്റ് കാര്യാലയം, തൊടുപുഴ,
Ph : 04862-227332
***E-mail : doidk.ksad@kerala.gov.in***
തീയതി: 07.03.2020

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **കുമളി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ **കുമളി** ഗ്രാമപഞ്ചായത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

Annexure – 1

## AUDIT CERTIFICATE

No.KSA-IDK-8/1189/2019

Office of the Senior Deputy Director of
Kerala State Audit Department

District Office, Idukki

Thodupuzha – 685 584

Phone : 04862-227332

*E-mail : doidk.ksad@kerala.gov.in*

Date. 07.03.2020

Certified that I have audited the Annual Financial Statement of **KUMILY** Grama Panchayat in Idukki District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/2018/LSGD/dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **KUMILY** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**